

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2016
ഫെബ്രുവരി

Volume VII Issue 92

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


# സ്ഥാനാർത്ഥിത്വ തെരഞ്ഞെടുപ്പിനു അയോവയിൽ തുടക്കം



*വാഷിംഗ്ടൺ:* പ്രസിഡന്റ് സ്ഥാനാർത്ഥിത്വ തെരഞ്ഞെടുപ്പിനു തുടക്കം. അയോവയിൽ ഇന്നാണ് തെരഞ്ഞെടുപ്പ് ആരംഭിക്കുന്നത്. ഇരു പാർട്ടി സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് പാർട്ടികളുടെ പ്രസിഡന്റ് സ്ഥാനാർത്ഥികളെയും തെരഞ്ഞെടുപ്പിലൂടെയാണ് നിശ്ചയിക്കുക. നാലു ഘട്ടങ്ങളിൽ നടക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ ആദ്യപടിയാണിത്. ഇരുപാർട്ടികളും നടക്കാനിരിക്കുന്ന നാഷനൽ കൺവൻഷനിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കും. മൂന്നു മണിക്കൂറിനകം ഫലം പ്രഖ്യാപിക്കും.

1774 പോളിങ് കേന്ദ്രങ്ങളാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്. ബാലറ്റ് പേപ്പറിലൂടെയാണ് റിപ്പബ്ലിക്കൻ പാർട്ടി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതെങ്കിൽ സംവാദത്തിലൂടെയാണ് ഡെമോക്രാറ്റിക് പാർട്ടിയുടെ തെരഞ്ഞെടുപ്പ്.

റിപ്പബ്ലിക്കൻ പാർട്ടിയിലെ ടെഡ് ക്രൂസ്, ഡെമോക്രാറ്റിക് പാർട്ടിയിലെ മുൻ സ്റ്റേറ്റ് സെക്രട്ടറി കൂടിയായ ഹിലരി ക്ലിന്റൻ എന്നിവരാണ് ജനഹൃദയങ്ങളിൽ ഇടം നേടിയവർ. ഡൊണാൾഡ് ട്രംപ്, ബെർണി സാൻഡേഴ്സ് എന്നിവരും ജനസമ്മതിയിൽ പിന്നിലല്ല. ന്യൂയോർക്ക് ടൈംസ് ഹിലരിയെ പിൻതുണച്ചുകൊണ്ട് മുഖപ്രസംഗമെഴുതിയത് ഏറെ സ്വാധീനം ചെലുത്താൻ സഹായമാകുമെന്നാണ് വിലയിരുത്തൽ.

# യുദ്ധം അവസാനിച്ചാൽ അഭയാർത്ഥികൾ മടങ്ങണം: മെർക്കൽ

*ബർലിൻ:* സിറിയയിലും ഇറാഖിലും ആഭ്യന്തരയുദ്ധം അവസാനിച്ചാൽ അഭയാർത്ഥികൾ ജർമനിയിൽ നിന്ന് മടങ്ങിപ്പോകണമെന്ന് ചാൻസലർ മെർക്കൽ ആവശ്യപ്പെട്ടു.

11 ലക്ഷം അഭയാർത്ഥികളാണ് 2015ൽ ജർമനിയിൽ എത്തിയത്. കൂടുതൽ പേർക്കും താല്ക്കാലിക അഭയമാണ് നൽകിയത്. 90കളിൽ യുദ്ധകാലത്ത് യൂഗോസ്ലാവിയയിൽനിന്ന് ജർമനിയിൽ അഭയം തേടിയവർ മടങ്ങിപ്പോയ കാര്യവും മെർക്കൽ സൂചിപ്പിച്ചു.

യൂറോപ്യൻ രാജ്യങ്ങൾ കൂടുതൽ അഭയാർത്ഥികളെ സ്വീകരിക്കാൻ തയ്യാറാവണമെന്നും മെൽക്കൽ ആവശ്യപ്പെട്ടു. അഭയാർത്ഥികളോട് ഉദാരനയം സ്വീകരിച്ചതിന്റെ പേരിൽ ചാൻസലർ ഏറെ പഴികേട്ടിരുന്നു. കൊളോണിൽ പുതുവർഷാഘോഷ പരിപാടിക്കിടെ സ്ത്രീകൾക്കു നേരെയുണ്ടായ കൈയ്യേറ്റം പാർട്ടിക്കുള്ളിലും അവരെ ഒറ്റപ്പെടുത്തിയ സാഹചര്യത്തിലാണ് മെർക്കലിന്റെ പ്രതികരണം.



*ഡേവിയിലുള്ള മഹാത്മാഗാന്ധി സ്ക്വയറിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡ ചാപ്റ്ററിന്റെ നേതൃത്വത്തിൽ നടന്ന 67–ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ നിന്നും*

## സർ ടെറി വോഗൻ അന്തരിച്ചു



*ലണ്ടൻ:* ദീർഘകാലം ബിബിസി ടിവിയിലും റേഡിയോയിലും അവതാരകനായിരുന്ന സർ ടെറി വോഗൻ (77) അന്തരിച്ചു.

കാൻസർ രോഗിയായിരുന്നു. അരനൂറ്റാണ്ടിലേറെ പ്രക്ഷേപണരംഗത്തു പ്രവർത്തിച്ച ഇദ്ദേഹത്തിന്റെ റേഡിയോ ടു ഷോ ഏറെ ശ്രദ്ധേയമായിരുന്നു. ഇക്കഴിഞ്ഞ നവംബറിൽ രോഗം മൂലം അവശനാകുന്നതുവരെ വോഗൻ കർമ നിരതനായിരുന്നു.

## ഓസ്റ്റ്റാനയിൽ 28 വർഷത്തിനു ശേഷം ഒരു കുഞ്ഞിക്കാൽ

*ഓസ്റ്റ്റാന:* ഇറ്റലിയിലെ മലയോര പട്ടണമായ ഓസ്റ്റ്റാനയിൽ 28 വർഷത്തിന്റെ ഇടവേളയ്ക്കുശേഷം ഒരു കുഞ്ഞിക്കാലുകണ്ടു. നാടാകെ ഇത് ആഘോഷമായി.

നൂറു വർഷമായി ജനസംഖ്യ കുത്തനെ കുറഞ്ഞു വരുന്ന പട്ടണമാണ് ഓസ്റ്റ്റാന. പട്ടണത്തിലെ പുതിയ അംഗത്തിന്റെ ആഗമനം നാട്ടുകാർക്ക് സ്വപ്നസാഫല്യമെന്ന് മേയർ ജിയാകോമോ ലോംബാർഡോ.

ഒരു നൂറ്റാണ്ടിനുമുമ്പ് ആയിരത്തോളം പേർ ഈ പട്ടണത്തിൽ താമസിച്ചിരുന്നു. ഇപ്പോൾ താമസിക്കുന്നത് വെറും 85 പേരാണ്.








## പ്രമീള ജയ്പാൽ യുഎസ് കോൺഗ്രസിലേക്കു സ്ഥാനാർഥിത്വം പ്രഖ്യാപിച്ചു

**പി.പി. ചെറിയാൻ**



*വാഷിംഗ്ടൺ ഡിസി:* വാഷിംഗ്ടൺ സ്റ്റേറ്റ് സെനറ്റിൽ ഡെമോക്രാറ്റിക് പ്രതിനിധിയായ ഇന്ത്യൻ വംശജ പ്രമീള ജയ്പാൽ യുഎസ് കോൺഗ്രസിലേക്കു മത്സരിക്കുന്നു.

1965 ൽ ചെന്നൈയിൽ ജനിച്ച പ്രമീള ജയ്പാൽ 16–ാം വയസിലാണ് അമേരിക്കയിൽ എത്തിയത്. ജോർജ് ടൗൺ യൂണിവേഴ്സിറ്റിയിലെ പഠനത്തിനുശേഷം നോർത്ത് വെസ്റ്റേൺ യൂണിവേഴ്സിറ്റിയിൽ നിന്ന് എംബിഎ കരസ്ഥമാക്കി.

സ്ത്രീകളുടേയും കുടിയേറ്റക്കാരുടെയും മനുഷ്യാവകാശ സംരക്ഷണത്തിനു കഴിഞ്ഞ 20 വർഷത്തിലധികമായി പ്രവർത്തിക്കുന്ന പ്രമീള അന്തർ ദേശീയതലത്തിലും ദേശീയതലത്തിലും പ്രത്യേകം ശ്രദ്ധ ആകർഷിച്ചിരുന്നു. പ്രസിഡന്റ് ഒബാമയുടെ 2014 ഡ്രീം ആക്ടിന് അനുകൂലമായി ശക്തമായ പ്രചാരണം നടത്തിയ പ്രമീള 'ചാമ്പ്യൻ ഓഫ് ചേയ്ഞ്ച്' എന്ന വൈറ്റ് ഹൗസിന്റെ അംഗീകാരം കരസ്ഥമാക്കി.

1979 മുതൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രതിനിധിയെ മാത്രം ജയിപ്പിച്ച ഏഴാമത് കൺഗ്രഷണൽ ഡിസ്ട്രിക്ടിൽനിന്നാണ് യുഎസ് കോൺഗ്രസിലേക്കു പ്രമീള മത്സരിക്കുവാനൊരുങ്ങുന്നത്.

## ടെക്സസ് ഗവർണർ ഗ്രേഗ് ഏബട്ട് ഫെഡറൽ ഗവൺമെന്റിന്റെ സഹായം അഭ്യർഥിച്ചു



**പി.പി. ചെറിയാൻ**

*ഡാളസ്:* ഡാളസ് കൗണ്ടി ഉൾപ്പെടെ നിരവധി പ്രദേശങ്ങളിൽ നാശം വിതച്ച ചുഴലിക്കാറ്റിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കാൻ ഫെഡറൽ ഗവൺമെന്റിന്റെ സഹായം ടെക്സസ് ഗവർണർ ഗ്രേഗ് ഏബട്ട് അഭ്യർഥിച്ചു. ചുഴലിക്കാറ്റിൽ തകർന്ന പ്രദേശങ്ങൾ ഹെലികോപ്റ്ററിൽ സഞ്ചരിച്ച് വിലയിരുത്തുന്നതിനിടെയാണ് ഗവർണർ സഹായം അഭ്യർഥിച്ചത്.

നേരത്തെ നോർത്ത് ടെക്സസിലെ ഡാളസ് ഉൾപ്പെടുന്ന പ്രദേശങ്ങൾ സംസ്ഥാന ദുരന്തമേഖലയായി പ്രഖ്യാപിച്ചിരുന്നു. ഒരു മാസം പൂർത്തിയായിട്ടും ശുചീകരണ പ്രവർത്തനങ്ങളും നിർമാണ പ്രവർത്തനങ്ങളും തുടരുകയാണ്. കോടിക്കണക്കിനു ഡോളറിന്റെ നഷ്ടമാണു കണക്കാക്കിയിരിക്കുന്നത്. പൂർണമായും വീടുകൾ നഷ്ടപ്പെട്ടവർ ഇൻഷുറൻസ് കമ്പനികൾ നൽകിയ ഹോട്ടലുകളിലാണ് ഇപ്പോഴും താമസിക്കുന്നത്.

ഡാളസിലെ പ്രമുഖ മലയാളിയും റന്റൽ പ്രോപ്പർട്ടി ഉടമസ്ഥനുമായ ഒരാളുടെ ഇരുപതോളം വീടുകളാണു ചുഴലിക്കാറ്റിൽ തകർന്നത്. ഇതു കൂടാതെ നിരവധി മലയാളികളുടെ വീടുകൾ പൂർണമായും ഭാഗികമായും തകർന്നിട്ടുണ്ട്.

ഫെഡറൽ ഗവൺമെന്റ് ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചാൽ മാത്രമേ പ്രതീക്ഷയ്ക്കു സാധ്യതയുള്ളൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കൈയ്യേറ്റം ചെയ്തതിൽ എൻബിഎ അപലപിച്ചു

**ജയപ്രകാശ് നായർ**



*ന്യൂയോർക്ക് :* ഉന്നത വിദ്യാഭ്യാസ സമിതി ഉപാധ്യക്ഷനും മുൻ അംബാസഡറുമായ ടി.പി. ശ്രീനിവാസനെ എസ്എഫ്ഐ വിദ്യാർഥികൾ അപമാനിക്കുകയും മർദ്ദിക്കുകയും ചെയ്തതിൽ നായർ ബനവലന്റ് അസോസിയേഷൻ പ്രസിഡന്റ് കുന്നപ്പള്ളിൽ രാജഗോപാൽ അപലപിച്ചു. വിദ്യാഭ്യാസ വിചക്ഷണനും മുൻ അധ്യാപകനുമായ അദ്ദേഹത്തെ അപമാനിച്ചതിൽ നായർ ബനവലന്റ് അസോസിയേഷൻ പ്രതിഷേധം രേഖപ്പെടുത്തി. കൈയ്യേറ്റം ചെയ്തവരെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് എൻബിഎ ജനറൽ സെക്രട്ടറി രാംദാസ് കൊച്ചുപറമ്പിൽ, ട്രസ്റ്റീ ബോർഡ് ചെയർമാൻ ജയപ്രകാശ് നായർ, ട്രഷറർ സേതുമാധവൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

## കൽപ്പനയുടെ അകാല വിയോഗത്തിൽ ഫൊക്കാന അനുശോചിച്ചു

**ശ്രീകുമാർ ഉണ്ണിത്താൻ**



*ന്യൂയോർക്ക്:* അകാലത്തിൽ അന്തരിച്ച നടി കൽപ്പനയ്ക്ക് ഫൊക്കാന ആദരാഞ്ജലികൾ അർപ്പിച്ചു. നിരവധി സ്റ്റേജ് ഷോകൾ ഫൊക്കാനയ്ക്കുവേണ്ടി നടത്തിയിട്ടുള്ള ഫൊക്കാനയുടെ അടുത്ത സുഹൃത്തായിരുന്നു കൽപ്പന. മലയാള ചലച്ചിത്ര ലോകത്ത് കൽപ്പനയ്ക്കു പകരം വയ്ക്കാൻ കൽപ്പനമാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു ഫൊക്കാനാ പ്രസിഡന്റ് ജോൺ പി. ജോൺ പറഞ്ഞു.

അഭിനയിച്ച ചിത്രങ്ങളിലെല്ലാം തന്റേതായ ഒരു ശൈലി കൊണ്ടുവരുവാൻ ശ്രമിച്ച നടി ആയിരുന്നു കൽപ്പന എന്നു ഫൊക്കാന സെക്രട്ടറി വിനോദ് കേയാർക്കെ അഭിപ്രായപ്പെട്ടു. ഫൊക്കാനാ ട്രഷറർ ജോയ് ഇട്ടൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ പോൾ കറുകപ്പിള്ളിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് തുടങ്ങിയവരും കൽപ്പനയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

## ടി.എൻ ഗോപകുമാറിന്റെ നിര്യാണത്തിൽ ഐഎപിസി അനുശോചിച്ചു



*ന്യൂയോർക്ക്:* മുതിർന്ന മാധ്യമപ്രവർത്തകനും ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ ഇൻ ചീഫുമായ ടി.എൻ ഗോപകുമാറിന്റെ നിര്യാണത്തിൽ ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ് (ഐഎപിസി) അനുശോചിച്ചു. മലയാളത്തിനു നഷ്ടപ്പെട്ടത് കരുത്തുറ്റ മാധ്യമപ്രവർത്തകനെയാണെന്ന് ഐഎപിസി പ്രസിഡന്റ് പർവീൺ ചോപ്ര, ജനറൽ സെക്രട്ടറി കോരസൺ വർഗീസ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. മാത്യു ജോയിസ്, ട്രഷറർ തോമസ് മാത്യു, ഡയറക്ടർ ബോർഡ് ചെയർമാൻ ജിൻസ്മോൻ പി. സക്കറിയ, ഡയറക്ടർ ബോർഡ് വൈസ് ചെയർപേഴ്സൺ വിനി നായർ, സെക്രട്ടറി പോൾ പനയ്ക്കൽ എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മാധ്യമരംഗത്ത് മൂന്നു പതിറ്റാണ്ടിലേറെ നീണ്ട ശക്തമായ സാന്നിധ്യമായിരുന്നു ടി എൻ ഗോപകുമാർ. മാതൃഭൂമിയുടെ ന്യൂഡൽഹി ലേഖകനായിരുന്ന ഗോപകുമാർ ഇന്ത്യൻ എക്സ്പ്രസ്, ദി ഇൻഡിപ്പെൻഡന്റ് , ഇന്ത്യാ ടുഡേ, ദ സ്റ്റേറ്റ്സ്മാൻ, ടൈംസ് ഓഫ് ഇന്ത്യ എന്നീ പത്രങ്ങളിലും ബിബിസിയ്ക്കുവേണ്ടിയും പ്രവർത്തിച്ചിട്ടുണ്ട്. ദില്ലി, പയണം, മുനമ്പ്, ശൂദ്രൻ, കൂടാരം, ശുചീന്ദ്രം രേഖകൾ, അകമ്പടി സർപ്പങ്ങൾ, വോൾഗാ തരംഗങ്ങൾ, കണ്ണകി തുടങ്ങിയവയാണ് കൃതികൾ. 'ജീവൻ മശായ്' എന്ന ചിത്രവും ദൂരദർശൻ സംപ്രേഷണം ചെയ്ത 'വേരുകൾ' എന്ന സീരിയലും സംവിധാനം ചെയ്തിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ്, എഫ്സിസിജെ ടോക്കിയോ ഏഷ്യൻ ജേർണലിസ്റ്റ് അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



## ഗൂഢാലോചന അന്വേഷണം: ആലോചിച്ചു തീരുമാനമെന്ന് ചെന്നിത്തല



*കോട്ടയം:* സോളാർ കേസിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കണമോയെന്ന കാര്യത്തിൽ സർക്കാർ ആലോചിച്ചു തീരുമാനമെടുക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കോട്ടയത്തു മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൂഢാലോചനയെക്കുറിച്ച് അന്വേഷിക്കണമെന്നു കഴിഞ്ഞ ദിവസം ചേർന്ന യുഡിഎഫ് യോഗം സർക്കാരിനോടു ആവശ്യപ്പെട്ടിരുന്നു.

## മന്ത്രിസ്ഥാനങ്ങൾ തിരികെ നല്കുന്നത് ഉമ്മൻ ചാണ്ടിയുടെ സ്വയരക്ഷയ്ക്ക്: പിണറായി



*തൃശൂർ:* സ്വയരക്ഷയ്ക്കായാണു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കെ. ബാബുവിന്റെ രാജി സ്വീകരിക്കാതിരിക്കുകയും കെ.എം. മാണിയെ മന്ത്രിസ്ഥാനത്തേക്കു തിരികെ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നതെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം പിണറായി വിജയൻ. തൃശൂർ രാമനിലയത്തിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രിയുടെ നിർദേശപ്രകാരമാണ് ഈ കളികൾ നടക്കുന്നത്. കെപിസിസി പ്രസിഡന്റ് സുധീരൻ എല്ലാത്തരത്തിലും അഴിമതിയോടു പൊരുത്തപ്പെട്ടുകഴിഞ്ഞു. ബാബുവിന്റെ രാജി പിൻവലിക്കൽ നാടകം സുധീരൻ അറിഞ്ഞുകൊണ്ടു തന്നെയാണ്. മനഃസാക്ഷിയുള്ളതിനാലാണു രാജിവയ്ക്കാത്തതെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന എത്രമാത്രം അപഹാസ്യമായാണു കാര്യങ്ങൾ നീങ്ങുന്നത് എന്നതിനു തെളിവാണ്. ഉമ്മൻ ചാണ്ടിയുടെ കാര്യത്തിൽ തെളിവുകൾ വളരെ കൃത്യമാണ്. സമയം, കൊടുത്ത തുക, ആരെയൊക്കെ കണ്ടു, നോട്ടിന്റെ നമ്പർ അടക്കം എല്ലാ തെളിവുകളുമുള്ള കേസ് പൂർണമായും ഇല്ലാതാക്കാനാണു ശ്രമം. തെരഞ്ഞെടുപ്പിനുമുമ്പുള്ള രണ്ടു മാസക്കാലം ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിസ്ഥാനത്തുണ്ടാകണമെന്നും അദ്ദേഹത്തിനു അലോസരമുണ്ടാക്കരുതെന്നുമാണ് അഖിലേന്ത്യാ നേതൃത്വത്തിന്റെ നിലപാട്. ഈ രണ്ടുമാസം എങ്ങനെ ഉമ്മൻ ചാണ്ടിയെ രക്ഷിക്കാമെന്ന കുതന്ത്രങ്ങളിലും ഉപജാപങ്ങളിലുമാണു കോൺഗ്രസ് നേതൃത്വം. ബാബുവിന്റെയും മാണിയുടെയും കാര്യങ്ങൾ ചർച്ചയ്ക്കു വന്നത് അതിന്റെ ഭാഗമാണെന്നും പിണറായി വിജയൻ ആരോപിച്ചു.

## ഉമ്മൻ ചാണ്ടി രാജിവച്ചു ജനവിധി തേടണം: കാനം



*വടകര:* സോളാർ തട്ടിപ്പു കേസിൽ നാണക്കേടിലമർന്ന ഉമ്മൻ ചാണ്ടി സർക്കാർ രാജിവച്ചു ജനവിധി തേടണമെന്നു സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ. സോളാറിൽ ഗൂഢാലോചന നടന്നെന്ന മുഖ്യമന്ത്രിയുടെ നിലപാട് പരിഹാസ്യമാണെന്നും കാനം വടകരയിൽ വാർത്താസമ്മേളനത്തിൽ കുറ്റപ്പെടുത്തി.

ഭരണത്തിൽ ഇത്രകാലമുണ്ടായിട്ടും 2012ൽ നടന്ന സോളാർ തട്ടിപ്പിലെ ഗൂഢാലോചന കണ്ടെത്താനായില്ല. ഇക്കാര്യത്തിൽ എത്രയും വേഗം ജനകീയ കോടതിയെ അഭിമുഖീകരിക്കുകയാണു വേണ്ടത്. ഗൂഢാലോചന ഉണ്ടോയെന്നു ജനം തീരുമാനിക്കട്ടെ.

അനുകൂലവിധി വന്നാൽ സന്തോഷവും അല്ലെങ്കിൽ എതിരുനിൽക്കുകയും ചെയ്യുന്ന നിലപാടാണ് ഉമ്മൻ ചാണ്ടിയുടേത്. ഇതുകൊണ്ടൊന്നും പ്രതിപക്ഷം ഭയക്കുമെന്നു കരുതേണ്ട. ഉമ്മൻ ചാണ്ടിക്ക് അധികാരത്തിൽ തുടരാൻ അവകാശമില്ലെന്നും കാനം കൂട്ടിച്ചേർത്തു.




# ഖാദിയുടെ മഹത്വം ഉദ്ബോധിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി



*ന്യൂഡൽഹി:* ഖാദി ഒരു പ്രതീകമാണെന്നും യുവാക്കൾ പോലും ഇപ്പോൾ ഖാദിയിലേക്ക് ആകർഷിക്കപ്പെടുന്നുണ്ടെന്നും പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ മോദി പറഞ്ഞു.

2016ലെ ആദ്യ മൻ കി ബാത്ത് പരിപാടിയാണിതെന്നു പറഞ്ഞാണു മോദി സംഭാഷണത്തിനു തുടക്കമിട്ടത്. രാജ്യത്തിനു വേണ്ടി ജീവൻ ത്യാഗം ചെയ്ത മഹാരഥന്മാരെ സ്മരിക്കുന്നതും ആദരിക്കുന്നതും ജീവിതത്തിന്റെ ശീലമാക്കി മാറ്റണമെന്നും താൻ കഴിഞ്ഞ ദിവസം രാജ്ഘട്ടിൽ മഹാത്മാഗാന്ധിക്കു പ്രണാമം അർപ്പിച്ചിരുന്നുവെന്നും മോദി പറഞ്ഞു.

കോടിക്കണക്കിനാളുകൾക്കു ഖാദിയിലൂടെ തൊഴിൽ ലഭിക്കുന്നു. മഹാത്മാഗാന്ധി ഇത്തരത്തിൽ ഖാദിയുടെ മഹത്വം തിരിച്ചറിഞ്ഞിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യം ഖാദിയിലൂടെയാണെന്നു സർദാർ പട്ടേൽ പറഞ്ഞിട്ടുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഭീകരാക്രമണ ഭീഷണികളുടെ നടുവിലും റിപ്പബ്ലിക് ദിനം ആഘോഷിച്ച ജനങ്ങളുടെ മനക്കരുത്തിനെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

സ്റ്റാർട്ട് അപ്പുകളിലൂടെ നിരവധി അവസരങ്ങൾ ലഭിക്കുന്നുണ്ടെന്നും മോദി പറഞ്ഞു. മൊബൈൽ ആപ്പിലൂടെ നിരവധി പേർ സ്റ്റാർട്ട് അപ്പുകളെക്കുറിച്ച് സംസാരിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമായ റെയിൽവേ സ്റ്റേഷനുകൾ വൃത്തിയാക്കണം. റെയിൽവേ സ്റ്റേഷനുകൾ വൃത്തിയാക്കുന്നതിന്റെ ചിത്രങ്ങൾ തനിക്ക് അയച്ചുതരണമെന്നും പ്രധാനമന്ത്രി പറഞ്ഞു. വിള ഇൻഷറൻസ് പദ്ധതിയിലൂടെ മാത്രമേ രാജ്യത്തെ കർഷകരുടെ സുരക്ഷ ഉറപ്പാക്കാനാകൂ എന്നു മോദി വ്യക്തമാക്കി.

കർഷകരുടെ പേരിൽ രാജ്യത്തു നിരവധി ചർച്ചകളും സംവാദങ്ങളും ഉണ്ടായി. എന്നാൽ, തനിക്കു വിവാദങ്ങളിൽ ഇടപെടാൻ താത്പര്യമില്ലെന്നും മോദി പറഞ്ഞു. അടുത്ത ഒന്നു രണ്ടു വർഷത്തിനുള്ളിൽ രാജ്യത്തെ അമ്പതു ശതമാനം കർഷകരെയെങ്കിലും ഇൻഷറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു പ്രതിജ്ഞയെടുക്കണം. വിളവെടുപ്പിനു പതിനഞ്ചു ദിവസത്തിനുശേഷം കൃഷിനാശം ഉണ്ടായാൽ പോലും കർഷകനു നഷ്ടപരിഹാരം ലഭ്യമാക്കുന്നതാണ് വിള ഇൻഷറൻസ് പദ്ധതിയെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

**St.Thomas Indian Orthodox Church**
**1009 Unruh Avenue, Philadelphia, PA 19111**

**Rental Space Available**

**1. Community Hall**: Seating 1000 persons in auditorium style for community functions.seating for 600 persons in banquest style, beautiful ambience, serving countries, kitchens, and furniture.
**2. Sanctuary**: For Special occassions such as wedding, baptism, etc. An excellent Orthodox Architectural masterpiece Altar with efficient PA system, elevated stage etc, Seating 500 persons.
**3. Chapel**: Can hold approximately 100 persons, serene atmosphere, ideal for small communities, time flexibility, cozy atmosphere.
**4. Other Rooms**: Facility for workshop, enterpreneurial classes, training programs, spiritual fellowships, small parties for birthday, anniversary etc.

**Amenities:** 40 designated parking spaces and ambles street parking. Four sets of restrooms, open foyers, coatrooms, bridal rooms, etc. Reasonable rent, fully aircondtioned, convenient location, friedly neighborhood and more.

*For more information contact*

**(215)342-1500. Fax your needs to (215) 342-2700**

## ‘വൈ –ഫൈ’ സ്റ്റേജ് ഷോ അമേരിക്കയിൽ

**ജീമോൻ ജോർജ്**




*ന്യൂയോർക്ക്:* വടക്കേ അമേരിക്കൻ മലയാളികൾക്കായി പുതുമ നിറഞ്ഞ സ്റ്റേജ് ഷോകൾ അവതരിപ്പിക്കുന്ന ആർ ആൻഡ് ടി പ്രൊഡക്ഷൻ മേയ്, ജൂൺ മാസങ്ങളിൽ ‘വൈ-ഫൈ’ എന്ന ഹാസ്യ സംഗീത നൃത്ത വിസ്മയങ്ങളുമായി എത്തുന്നു.

മലയാള ചലച്ചിത്ര വേദിയിലെ പ്രശസ്ത കലാകാരികളും കലാകാരന്മാരും പങ്കെടുക്കുന്ന സ്റ്റേജ് ഷോ അണിയിച്ചൊരുക്കുന്നത് പ്രശസ്ത സംവിധായകനായ ജി.എസ്. വിജയനാണ്. കണ്ടു മടുത്ത പഴകിയ സ്റ്റേജ് ഷോകളുടെ ഒട്ടും ആവർത്തന വിരസത അനുഭവപ്പെടാതെയുള്ള സൂപ്പർ ഹിറ്റ് ഷോ ആയിരിക്കും വൈ-ഫൈ എന്ന് സംഘാടകർ അവകാശപ്പെട്ടു.

മലയാള ചലച്ചിത്ര വേദിയിലെ യുവനിര നായകരിൽ പ്രമുഖനും നൃത്തത്തിലൂടെയും നിരവധി ചലച്ചിത്രങ്ങളിലെ വൈവിധ്യമാർന്ന കഥാപാത്രങ്ങളിലൂടെയും മലയാളികളുടെ മനസിൽ ചേക്കേറിയ ഉണ്ണീ മുകുന്ദൻ, ചിരിയുടെ രസക്കൂട്ടുമായി മലയാളി മനസുകളിൽ ഇടം പിടിച്ച ഷാജോൺ, നീലത്താമരയിലെ നായകൻ കൈലാഷ്. പ്രശസ്ത നടി ശ്വേതാ മേനോൻ, വിഷ്ണു പ്രിയ, പാർവതി നമ്പ്യാർ, കോമഡി രാജാക്കന്മാരായ ബ്ലാക് ആൻഡ് വൈറ്റ് ടീം ഒരുക്കുന്ന ചിരിയുടെ മാലപടക്കം എന്നിവയും പ്രശസ്ത ഗായകരായ ശ്രീനാഥ് (ഐഡിയ സ്റ്റാർ), ബ്രന്ദാ (കൈരളി), അൻവർ തുടങ്ങിയവരുൾപ്പെടെ പതിനഞ്ചോളം കലാകാരന്മാർ വേദിയിൽ അരങ്ങുതകർക്കും.

വിവരങ്ങൾക്ക്: ഷിബു 516 859 2531, ബോബി 646 261 6314

## ഹഡ്സൺവാലി മലയാളി അസോസിയേഷൻ നേതൃത്വം ചുമതലയേറ്റു

**മൊയ്തീൻ പുത്തൻചിറ**

*ന്യൂയോർക്ക്:* ഹഡ്സൺ വാലി മലയാളി അസോസിയേഷന്റെ 2016ലെ ഭാരവാഹികൾ റോക്ക്‌ലാൻഡിലെ കോംഗേഴ്സിലുള്ള സാഫ്രൺ ഇന്ത്യൻ കുസീനിൽ കൂടിയ സംയുക്ത കമ്മിറ്റിയോഗത്തിൽ ചുമതല ഏറ്റെടുത്തു.

പ്രസിഡന്റ് അലക്സാണ്ടർ പൊടിമണ്ണിൽ, സെക്രട്ടറി അജിൻ ആന്റണി, പ്രസിഡന്റ് ഇലക്റ്റ് ലൈസി അലക്സ്, ജോയിന്റ് സെക്രട്ടറി മത്തായി പി. ദാസ്, ട്രഷറർ ചെറിയാൻ ഡേവിഡ്, ജോ. ട്രഷറർ രാജു യോഹന്നാൻ, എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങളായ ബിനു പോൾ, ജോസഫ് കുരിയപ്പുറം, മനോജ് അലക്സ്, പോൾ ആന്റണി, രാധാകൃഷ്ണൻ കുഞ്ഞുപിള്ള, റോയ് ആന്തണി, സജി പോത്തൻ, തോമസ് നൈനാൻ എന്നിവരാണ് അധികാരച്ചുമതല ഏറ്റെടുത്തത്.

ഷാജിമോൻ വെട്ടം, അലക്സ് ഏബ്രഹാം, ജോൺ ദേവസ്യ എന്നിവർ എക്സ് ഒഫിഷ്യോ ആയി പ്രവർത്തിക്കും. ജോർജ് താമരവേലി ട്രസ്റ്റി ബോർഡ് ചെയർമാനായ ബോർഡ് ഓഫ് ട്രസ്റ്റീസിൽ കുരിയാക്കോസ് തരിയൻ, തമ്പി പനക്കൽ, വർഗീസ് ഒലഹന്നാൻ എന്നിവർ അംഗങ്ങളായിരിക്കും.

ജയപ്രകാശ് നായർ കേരള ജ്യോതിയുടെ ചീഫ് എഡിറ്ററായി പ്രവർത്തിക്കുന്ന എഡിറ്റോറിയൽ ബോർഡിൽ ഫിലിപ്പോസ് ഫിലിപ്പ്, പോൾ കറുകപ്പിള്ളിൽ, ഇന്നസന്റ് ഉലഹന്നാൻ എന്നിവരാണ് മറ്റ് അംഗങ്ങൾ. അസോസിയേഷന്റെ മലയാളം സ്കൂളായ വിദ്യാജ്യോതിയുടെ പ്രിൻസിപ്പലായി ജോസഫ് മുണ്ടൻചിറ തുടരും. വൈസ് പ്രിൻസിപ്പൽ ജോജോ ജയിംസ്. സ്കൂളിന്റെ കോഓർഡിനേറ്റർ ഗ്രേസ് വെട്ടം, തോമസ് മാത്യു, ഡോ. ആനി പോൾ, മഞ്ജു മാത്യു, ജയിംസ് ഇളംപുരയിടത്തിൽ, അപ്പുക്കുട്ടൻ നായർ, തോമസ് ഏലിയാസ് എന്നിവർ പ്രവർത്തിക്കും. ഓഡിറ്ററായി അലക്സ് തോമസും വെബ്സൈറ്റ് കോഓർഡിനേറ്ററായി ഷെയിൻ ജേക്കബും പ്രവർത്തിക്കും. അഞ്ജലി വെട്ടം, അഷിത അലക്സ്, കെവിൻ ആന്റണി, ആൻഡ്രൂ ഊലൂട്ട്, ജയിംസ് കെ. കളപ്പുര, ആബി ഏബ്രഹാം, ഇവാൻ ആൻമേഡാ, ആൻമേരി നൈനാൻ എന്നിവരായിരിക്കും യൂത്ത് റെപ്രെസെന്റേറ്റീവ്സ്.

ട്രസ്റ്റീ ബോർഡിനെ പ്രതിനിധീകരിച്ച് ബോർഡ് മെംബർ ഇന്നസന്റ് ഉലഹന്നാൻ എല്ലാ ഭാരവാഹികൾക്കും സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രസിഡന്റ് അലക്സാണ്ടർ പൊടിമണ്ണിൽ എല്ലാവരുടെയും സഹായ സഹകരണം അഭ്യർഥിച്ചു. ട്രസ്റ്റി ബോർഡ് ചെയർമാൻ വർഗീസ് ഒലഹന്നാൻ, മുൻ സെക്രട്ടറി അലക്സ് ഏബ്രഹാം, സെക്രട്ടറി അജിൻ ആന്റണി എന്നിവർ സംസാരിച്ചു.

## ഫോമ അപലപിച്ചു

**വിനോദ് കൊണ്ടൂർ ഡേവിഡ്**

*ഫ്ളോറിഡ:* ഇന്ത്യയുടെ മുൻ അംബാസഡറും ഇപ്പോൾ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാനുമായ ടി.പി. ശ്രീനിവാസനു നേരെയുണ്ടായ ആക്രമണത്തെ അമേരിക്കയിലെ മലയാളി ദേശീയ സംഘടനയായ ഫോമ അപലപിച്ചു.

പ്രസിഡന്റ് ആനന്ദൻ നിരവേൽ, സെക്രട്ടറി ഷാജി എഡ്വേർഡ്, ട്രഷറർ ജോയി ആന്റണി എന്നിവർ സംസാരിച്ചു.



**വാർത്താസമാഹരണം**
**ജോയിച്ചൻ പുതുക്കുളം**

## ഡാളസ് മഹാത്മാഗാന്ധി പാർക്കിൽ റിപ്പബ്ലിക് ദിനാഘോഷം സംഘടിപ്പിച്ചു



**പി.പി. ചെറിയാൻ**

*ഇർവിംഗ് (ഡാളസ്):* ഇർവിംഗ് സിറ്റി മഹാത്മാഗാന്ധി മെമ്മോറിയൽ പ്ലാസയിൽ ഇന്ത്യയുടെ അറുപത്തി ഏഴാമതു റിപ്പബ്ലിക്കൻ ദിനാഘോഷങ്ങൾ വിവിധ പരിപാടികളോടെ ആഘോഷിച്ചു.

എംജിഎംഎൻടി ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കുറ ദേശീയ പതാക ഉയർത്തി. മഹാത്മാ ഗാന്ധിജിയുടെ ജീവിതത്തിൽ പ്രകടമായ സത്യസന്ധത, അക്രമരാഹിത്യം, സ്നേഹം തുടങ്ങിയ അതിവൈശിഷ്ടമായ സ്വഭാവ ഗുണങ്ങൾ നമ്മുടെ ജീവിതത്തിലും മാതൃകയായി സ്വീകരിക്കണമെന്നു ചെയർമാൻ ഉദ്ബോധിപ്പിച്ചു.

ഗാന്ധിജയന്തി, റിപ്പബ്ലിക്ക്, സ്വാതന്ത്ര്യദിനം തുടങ്ങിയ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിന് ഇർവിംഗ് സിറ്റിയിൽ മഹാത്മാഗാന്ധി പാർക്ക് സ്ഥാപിക്കുവാൻ മുൻകൈ എടുത്ത എംജിഎംഎൽടി ഭാരവാഹികളെ ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് പ്രസിഡന്റ് ഇന്ദു റെഡി അഭിനന്ദിച്ചു. സെക്രട്ടറി റാവു കൽവാല, ജോൺ ഹേമന്റ് എന്നിവർ സംസാരിച്ചു. മഹാത്മാഗാന്ധി മെമ്മോറിയിൽ ഓഫ് നോർത്ത് ടെക്സസ് ബോർഡ് ഓഫ് ഡയറക്ടേഴ്സിനു പുറകെ ഡാളസ് ഫോർട്ട് വത്തിൽ നിന്നും നിരവധി പേർ ആഘോഷങ്ങളിൽ പങ്കെടുത്തു.

## പുത്തൻ പരിപാടികളുമായി ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ



*മയാമി:* സൺറൈസ് സിറ്റി വെസ്റ്റൺ ഓഡിറ്റോറിയത്തിൽ ബ്രോവാർഡ് കൗണ്ടി മേയർ മാർട്ടിൻ കേർ പുതുവത്സര ആഘോഷ പരിപാടികളോടൊപ്പം കർമ്മനിരതമായ പ്രവർത്തന വർഷം ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ സാക്ഷ്യം വഹിച്ചു.

പരിപാടിയുടെ മുഖ്യപ്രാസംഗികനായി മയാമി ഡേയ്ഡ് കോളേജ് നഴ്സിംഗ് സ്കൂൾ ഡയറക്ടർ സ്റ്റെഡ്‌ലി ഫോസ്റ്റർ നേഴ്സിംഗ് മേഖലയുടെ പുതിയ സാദ്ധ്യതകൾ വിവരിച്ച് നേഴ്സിംഗ് മേഖലയിലെ ന്യൂജനറേഷനെ മോട്ടിവേറ്റ് ചെയ്തു.

സിറ്റി ഓഫ് പെബ്രൂക് പൈൻസ് വൈസ് മേയർ ഐഫീഷ് സിപ്പിൾ, ഡേവി സിറ്റി വൈസ് മേയർ കാരൾ ഹാർട്ടൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. മയാമി ടീമിന്റെ നേതൃത്വത്തിൽ നടത്തിയ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സംഘനൃത്തവും, മീര അവതരിപ്പിച്ച ക്ലാസിക്കൽ നൃത്തവും പ്രത്യേകം ശ്രദ്ധ പിടിച്ചുപറ്റി. സിജി, സിനി, വാണി എന്നിവരുടെ ശ്രുതിമധുപമായ ഗാനങ്ങളും, ജസി, രമ്യ, സനൽ, വാണി എന്നിവരുടെ സംഘനൃത്തവും പരിപാടിക്ക് മനോഹാരിതയേകി.

നേഴ്സസ് അസോസിയേഷൻ പ്രസിഡന്റ് അലീഷാ കുറ്റിയാനി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജോർജ് പീറ്റർ സ്വാഗതവും, ബോബി വർഗീസ് കൃതജ്ഞതയും പറഞ്ഞു. ഷീല ജോസണും ജോർജ് പീറ്ററും എം.സിമാരായി. ഫ്ളോറിഡ സ്റ്റേറ്റ് റപ്രസന്റേറ്റീവ് ആയി മത്സരിക്കുന്ന സാജൻ കുര്യൻ ആശംസ അർപ്പിച്ചു. ഫോമ ട്രസ്റ്റി ബോർഡ് ചെയർമാൻ ജോൺ ടൈറ്റസ് റാഫിൾ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. പരിപാടികളുടെ വിജയത്തിനായി കമ്മറ്റി അംഗങ്ങളായ ബിജു ആന്റണി, അമ്മാൾ ബെർണാർഡ്, ഷേർളി ഫിലിപ്പ്, ഷിബു ജോസഫ്, സജോ ജോസ്, ജിനോയി തോമസ്, കുഞ്ഞമ്മ കോശി, മേരി തോമസ്, ആനി മാത്യൂ തുടങ്ങിയവർ നേതൃത്വം നൽകി.



*ഹഡ്സൺവാലി മലയാളി അസോസിയേഷൻ ഭാരവാഹികൾ*

## പിഎംഎഫ് ഗ്ലോബൽ അഡ്വൈസറി ബോർഡ് രൂപീകരിച്ചു





**ജീമോൻ റാന്നി**

*ന്യൂയോർക്ക്:* പ്രവാസി മലയാളി ഫെഡറേഷൻ (പിഎംഎഫ്) ഗ്ലോബൽ അഡ്വൈസറി ബോർഡ് രൂപീകരിച്ചു. അമേരിക്കയിൽ നിന്നും ഡോ. ജോസ് കാനാട്ട് (ന്യൂയോർക്ക്) പി.പി. ചെറിയാൻ (ഡാളസ്) എന്നിവർ ഉൾപ്പെടെ 18 അംഗങ്ങളെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി പുതുതായി രൂപീകരിച്ച അഡ്വൈസറി ബോർഡിലേക്ക് തെരഞ്ഞെടുത്തു.

മറ്റു ഭാരവാഹികളായി പ്രിൻസ് പള്ളിക്കുന്നേൽ (ചെയർമാൻ), ലത്തീഫ് തെച്ചി (സെക്രട്ടറി), ജെസി കാനാട്ട് (വുമൺസ് ഗ്ലോബൽ കോഓർഡിനേറ്റർ), ലൈസി അലക്സ് (വുമൺസ് ഗ്ലോബൽ ചെയർമാൻ), ഷിബി മാത്യു, ലളിതപ്രകാശ്, ബഷീർ അമ്പലായി, എ. രാമചന്ദ്രൻ, പി.വി. ഗംഗാധരൻ, ജോസ് തെക്കയിൽ, ഡോ. ജോർജ് മാത്യു എന്നിവരും സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഡോ. വർഗീസ്കുര്യൻ, ഡോ. സുന്ദർ മേനോൻ എന്നിവർ പിഎംഎഫ് മുഖ്യ രക്ഷാധികാരികളായും പ്രവർത്തിക്കുന്നു.

പിഎംഎഫ് ഗ്ലോബൽ കോഓർഡിനേറ്റർ ജോസ് പനച്ചിക്കലാണ് പുതിയ അഡ്വൈസറി ബോർഡ് അംഗങ്ങളുടെ പേരുകൾ പ്രഖ്യാപിച്ചത്.

വിവിധ രാജ്യങ്ങളിൽ പ്രവാസികളായി കഴിയുന്ന മലയാളികളെ ഒരു കുടക്കീഴിൽ അണിനിരത്തി അവർക്ക് അർഹിക്കുന്ന അംഗീകാരം നേടിക്കൊടുക്കുകയും പ്രവാസി മലയാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനു ശ്രമിക്കുകയും ചെയ്യുന്ന ആഗോള സംഘടനയാണ് പ്രവാസി മലയാളി ഫെഡറേഷൻ.

## ഫ്രണ്ട്സ് ഓഫ് തിരുവല്ല ഹൂസ്റ്റണിനു പുതിയ നേതൃത്വം



**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* ഫ്രണ്ട്സ് ഓഫ് തിരുവല്ല ഹൂസ്റ്റൺ ക്രിസ്മസ്-ന്യൂഇയർ ആഘോഷങ്ങളും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. സ്റ്റാഫോർഡിലുള്ള ദേശി റസ്റ്ററന്റിൽ നടന്ന യോഗത്തിൽ ഫാ. ഏബ്രഹാം തോട്ടത്തിൽ ക്രിസ്മസ്-ന്യൂഇയർ സന്ദേശം നൽകി. തുടർന്നു മറിയാമ്മ ഉമ്മൻ വാർഷിക റിപ്പോർട്ടും ട്രഷറർ റോബിൻ ഫിലിപ്പ് വരവുചെലവു കണക്കും അവതരിപ്പിച്ചു. ജോൺ വർഗീസ്, റോബിൻ ഫിലിപ്പ് എന്നിവർ സംസാരിച്ചു.

തുടർന്നു പുതിയ ഭാരവാഹികളായി ജോർജ് ഏബ്രഹാം (പ്രസിഡന്റ്), റോബിൻ ഫിലിപ്പ് (വൈസ് പ്രസിഡന്റ്), രഘു ഏബ്രഹാം (സെക്രട്ടറി), മറിയാമ്മ ഉമ്മൻ (ജോ. സെക്രട്ടറി), ടെരീഷ് തോമസ് (ട്രഷറർ), ജോൺ വർഗീസ് (ജോ. ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

വിഭവ സമൃദ്ധമായ ഡിന്നറോടുകൂടി പരിപാടികൾ സമാപിച്ചു.

## എസ്ബി അലുംമ്നി അവാർഡ് നൈറ്റ് വർണാഭമായി



*ഷിക്കാഗോ:* ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചങ്ങനാശേരി എസ്ബി ആൻഡ് അസംപ്ഷൻ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ചിക്കാഗോ ചാപ്റ്റർ അംഗങ്ങളുടെ മക്കൾക്കായി സ്ഥാപിച്ചിട്ടുള്ള ഹൈസ്കൂൾ എക്സലൻസ് അവാർഡ് ദാനം ജനുവരി 17-നു ഞായറാഴ്ച വൈകുന്നേരം 6.30-നു ഡസ്പ്ലെയിൻസിലുള്ള ഇമ്പീരിയൽ ട്രാവൽസിന്റെ കോൺഫറൻസ് ഹാളിൽ കൂടിയ യോഗത്തിൽ നടത്തി.

ഹൈസ്കൂൾ തലത്തിൽ പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന അംഗങ്ങളുടെ മക്കളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. അവാർഡിനു അർഹരായവർക്ക് സമ്മാനമായി മാത്യു വാച്ചാപറമ്പിൽ സ്മാരക ക്യാഷ് അവാർഡും, എക്സലൻസ് സർട്ടിഫിക്കറ്റും, സംഘടനയുടെ രക്ഷാധികാരിയായ റവ. ഡോ. ജോർജ് മഠത്തിപ്പറമ്പിൽ നാൽപ്പതാം പൗരോഹിത്യജൂബിലി സ്മാരക കാഷ് അവാർഡും എക്സലൻസ് സർട്ടിഫിക്കറ്റുമാണ്.

ഈവർഷം 2014-ലെയും 2015-ലെയും അവാർഡുകൾ ഒന്നിച്ചു നൽകുകയായിരുന്നു. 2014-ലെ മാത്യു വാച്ചാപറമ്പിൽ സ്മാരക അവാർഡ് കരസ്ഥമാക്കിയത് പരേതനായ രവി കുര്യൻ ആറ്റുമാലിൽ-എൽസ കുര്യൻ ദമ്പതികളുടെ മകനായ മാർട്ടിൻ കുര്യനാണ്. 2015-ലെ മാത്യു വാച്ചാപറമ്പിൽ സ്മാരക അവാർഡ് കരസ്ഥമാക്കിയത് സോവിച്ചൻ-ജോളി ദമ്പതികളുടെ മകനായ ബ്രിയാൻ കുഞ്ചെറിയയും, റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ പൗരോഹിത്യ ജൂബിലി സ്മാരക അവാർഡ് കരസ്ഥമാക്കിയത് ആൽബർട്ട് വലിയവീടുമാണ്. (റോയിച്ചൻ -ജെയ്നി ദമ്പതികളുടെ മകനാണ് ആൽബർട്ട്).

ബ്രിയാൻ കുഞ്ചെറിയ ഫാ. സ്റ്റീഫൻ കണിപ്പള്ളിയിൽ നിന്നും, ആൽബർട്ടിനു വേണ്ടി മാതാപിതാക്കളായ റോയിച്ചനും ജെയ്നിയും ടോമി മേത്തിപ്പാറയിൽനിന്നും അവാർഡ് ഏറ്റുവാങ്ങി. ഗുഡ്വിൻ ഫ്രാൻസിസ്, ജസ്റ്റീന ഫ്രാൻസീസ്, ഗ്രേസ്‌ലിൻ ഫ്രാൻസിസ് എന്നീ കുട്ടികളുടെ പ്രാർത്ഥനാ ഗാനത്തോടുകൂടി അവാർഡ് നൈറ്റ് ആരംഭിച്ചു. ഷിബു അഗസ്റ്റിൻ സ്വാഗതം പറഞ്ഞു. ജിജി മാടപ്പാട്ട് അധ്യക്ഷതവഹിച്ചു. ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോ മലബാർ പള്ളി നിയുക്ത സഹവികാരി ഫാ. സ്റ്റീഫൻ കണിപ്പള്ളി മുഖ്യാതിഥിയായിരുന്നു. ഷിക്കാഗോ പോലീസ് സീനിയർ ഉദ്യോഗസ്ഥനായ ടോമി മേത്തിപ്പാറ വിശിഷ്ടാതിഥിയായി സന്നിഹിതനായിരുന്നു.

ഫാ. സ്റ്റീഫൻ കണിപ്പള്ളി മുഖ്യ പ്രഭാഷണം നടത്തി. ടോമി മേത്തിപ്പാറയും, എസ്.ബി അലുംമ്നി അംഗങ്ങളായ സണ്ണി വള്ളിക്കളവും, ആന്റണി ഫ്രാൻസിസും പ്രസംഗിച്ചു. ജെന്നി വള്ളിക്കളത്തിന്റെ നൃത്തച്ചുവടുകൾ നയനാനന്ദകരമായി. എസ്.ബി ആൻഡ് അസംപ്ഷൻ പൂർവവിദ്യാർഥികൾ പാടിയ ഗാനം ശ്രുതിമധുരവും കർണാനന്ദകരവുമായി. ഗുഡ്വിൻ ഫ്രാൻസിസും ജാസ്മിൻ വർഗീസും എം.സിമാരായിരുന്നു.

അവാർഡ് നൈറ്റ് സംഘടിപ്പിച്ചതിനു നേതൃത്വം നൽകിയത് ജിജി മാടപ്പാട്ട്, ഷിബു അഗസ്റ്റിൻ, ബിജി കൊല്ലാപുരം, ആന്റണി ഫ്രാൻസീസ്, ജയിംസ് ഓലിക്കര, ജോജോ വെങ്ങാന്തറ, ഷാജി കൈലാത്ത്, മോനിച്ചൻ നടയ്ക്കപ്പാടം, ബോബൻ കളത്തിൽ, ഷീബ ഫ്രാൻസീസ്, റെറ്റി കൊല്ലാപുരം, ജോഷി വള്ളിക്കളം, സണ്ണി വള്ളിക്കളം എന്നിവരായിരുന്നു.

ജയിംസ് ഓലിക്കര ഏവർക്കും നന്ദി പറഞ്ഞു. ഡിന്നറോടുകൂടി യോഗം പര്യവസാനിച്ചു. പിആർഒ ആന്റണി ഫ്രാൻസീസ് അറിയിച്ചതാണിത്.

## ലീലാ മാരേട്ട് ഡിസി 37 ലോക്കൽ 375 ന്റെ റിക്കാർഡിംഗ് സെക്രട്ടറി

**ശ്രീകുമാർ ഉണ്ണിത്താൻ**



*ന്യൂയോർക്ക്:* ഡിസി 37 ലോക്കൽ 375ന്റെ റിക്കാർഡിംഗ് സെക്രട്ടറി ആയി ലീലാ മാരേട്ടും ക്ലോഡ് ഫോർട്ട് പ്രസിഡന്റ് ആയും തെരഞ്ഞെടുക്കപ്പെട്ടു. ക്ലോഡ് ഫോർട്ടിന്റെ പാനലിൽ മത്സരിച്ച പതിനേഴു പേരും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കയിലെ ഏറ്റവും വലിയ യൂണിയനുകളിൽ ഒന്നായ ഡിസി 37ൽ ഇതു നാലാം തവണയാണ് ലീലാ മാരേട്ട് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുന്നത്. മൂന്നു വർഷത്തേയ്ക്കാണ് നിയമനം. മുന്നൂറിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് വിജയം. ഡിസി 37 ലോക്കലിൽ 1,25,000 ഓളം പ്രതിനിധികളാണുള്ളത്.

ന്യൂയോർക്ക് സിറ്റി എൻവയോൺമെന്റൽ പ്രോട്ടക്ഷനിൽ 29 വർഷമായി സയന്റിസ്റ്റ് ആയി ജോലി നോക്കുന്ന ലീലാ മാരേട്ട് കരുത്തുറ്റ തേരാളിയും നോർത്ത് അമേരിക്കയിൽ സാമൂഹിക, സംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യമാണ്. ആലപ്പുഴ സെന്റ് ജോസഫ് കോളജിലെ അധ്യപികയായിരുന്ന ഈ ആലപ്പുഴക്കാരി രാഷ്ട്രീയ പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നുമാണ് അമേരിക്കയിലെത്തിയത്. ഫൊക്കാനയുടെ മുതിർന്ന നേതാവായ ലീലാ മാരേട്ട്, ഫൊക്കാനയുടെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, ട്രഷറാർ, ട്രസ്റ്റി ബോർഡ് മെംബർ, കമ്മിറ്റി അംഗം, റീജണൽ പ്രസിഡന്റ്, കേരള സമാജം പ്രസിഡന്റ്, ഇന്ത്യൻ -അമേരിക്കൻ കാത്തോലിക് അസോസിയേഷൻ പ്രസിഡന്റ് എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഫൊക്കാനയുടെ വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ ആയി പ്രവർത്തിച്ചുവരുന്നു.

**വാർത്തകൾക്ക്...**

Tel: 267-991-2111 e-mail
:georgethazhakara@gmail.com

# വേണു ഗോവിന്ദ രാജു ബഫല്ലോ യൂണിവേഴ്സിറ്റി വൈസ് പ്രസിഡന്റ്

**പി.പി. ചെറിയാൻ**



*ന്യൂയോർക്ക്:* ബഫല്ലോ യൂണിവേഴ്സിറ്റി റിസർച്ച് ആൻഡ് ഇക്കണോമിക്സ് ഡെവലപ്മെന്റ് വിഭാഗം വൈസ് പ്രസിഡന്റായി ഇന്ത്യൻ കംപ്യൂട്ടർ വിദഗ്ധൻ വേണു ഗോവിന്ദ രാജുവിനെ നിയമിച്ചു.

യൂണിവേഴ്സിറ്റി പ്രസിഡന്റ് സതീഷ് കെ. ത്രിപതി, പ്രൊവൊസ്റ്റ് ചാൾസ് സുക്കോസ്കി എന്നിവരാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. നിയമനം ഉടൻ പ്രാബല്യത്തിൽ വരും.

അന്തർദേശീയ തലത്തിൽ പ്രശസ്തനായ വേണു വൈസ് പ്രസിഡന്റിന്റെ താല്കാലിക ചുമതല വഹിച്ചിരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ടെക്നോളജി (ഖരഗ്പൂർ) യിൽ നിന്നു ബിരുദമെടുത്ത വേണു ബഫല്ലോ യൂണിവേഴ്സിറ്റിയിൽനിന്നു ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. വിജയവാഡയിൽനിന്ന് അമേരിക്കയിലേക്കു കുടിയേറിയ വേണു രണ്ടായിരാമാണ്ടിലാണ് അമേരിക്കൻ പൗരത്വം നേടിയത്.

കംപ്യൂട്ടിംഗ് മെഷീനറി, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, പാറ്റേൺ റെക്കഗനീഷ്യൻ തുടങ്ങിയ നിരവധി അസോസിയേഷനുകളിൽ അംഗത്വം നേടിയിട്ടുണ്ട്. യൂണിഫൈഡ് ബയോമെട്രിക്ക്സ് ആൻഡ് സെൻസേഴ്സ് യൂണിവേഴ്സിറ്റീസ് സെന്റർ ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ബഫല്ലോ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഇത്രയും ഉയർന്ന സ്ഥാനത്തു നിയമിതനാകുന്ന ആദ്യ ഇന്ത്യൻ വംശജനാണ് വേണു ഗോവിന്ദ രാജു.

# മാർത്തോമ സ്പാനിഷ് ഭാഷ ആരാധന ക്രമം പ്രകാശനം ചെയ്തു



**ബെന്നി പരിമണം**

*ഓസ്റ്റിൻ:* മലങ്കര മാർത്തോമ സുറിയാനി സഭയുടെ നോർത്ത് അമേരിക്കാ-യൂറോപ്പ് ഭദ്രാസന മിഷനിൽപ്പെട്ട മെക്സിക്കോയിലെ മാറ്റിമോറിസുള്ള തദ്ദേശിയരായ മാർത്തോമ വിശ്വാസ സമൂഹത്തിനുവേണ്ടി തയാറാക്കിയ സ്പാനിഷ് ഭാഷയിലുള്ള ആരാധന ക്രമത്തിന്റെ ഔദ്യോഗിക പ്രകാശനം നടത്തി.

ജനുവരി 17ന് ഓസ്റ്റിൻ മാർത്തോമ ദേവാലയത്തിൽ നടന്ന ആരാധനയ്ക്കുശേഷം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തിയൊഡോഷ്യസ് എപ്പിസ്കോപ്പ പ്രകാശനം നിർവഹിച്ചു. ഇടവക അസംബ്ലി അംഗം സാബു ചെറിയാൻ ആരാധന ക്രമത്തിന്റെ ആദ്യ പ്രതി തിയൊഡോഷ്യസിൽനിന്നും ഏറ്റുവാങ്ങി. ഭദ്രാസന സെക്രട്ടറി റവ. ബിനോയ് തോമസ്, ഇടവക വികാരി റവ. അജി വർഗീസ്, റവ. ബിജു പി. സൈമൺ, റവ. ഡെന്നീസ് ഏബ്രഹാം, ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

# മാർ ജോയി ആലപ്പാട്ട് അമേരിക്കൻ ജയിലിൽ തടവുകാർക്കൊപ്പം



*ഫ്ളോറിഡ:* അമേരിക്കയിലെ ബ്രോവാർഡ് കൗണ്ടി ജയിലിലെ 79 തടവുകാർക്കൊപ്പം ഷിക്കാഗോ രൂപതാ സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ടിന്റെ നേതൃത്വത്തിൽ സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഫ്ളോറിഡ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഒരുസംഘം പ്രവർത്തകർ ഒന്നര മണിക്കൂർ ചെലവഴിച്ച് കാരുണ്യത്തിന്റെ സുവിശേഷം നൽകുകയുണ്ടായി. മാർ ജോയി ആലപ്പാട്ടിന്റെ നേതൃത്വത്തിൽ ജയിലിൽ ദിവ്യബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്നു തടവുകാർക്ക് തയാറാക്കിയ വിരുന്നിൽ പങ്കെടുത്തു.

പരിമിതമായ ആവശ്യങ്ങൾ മാത്രം നിറവേറ്റപ്പെടുന്ന കാരാഗ്രഹത്തിന്റെ ചുവരുകൾക്കുള്ളിൽ കഴിയുന്ന തടവുകാരുമായി കരുണയുടെ വർഷത്തിൽ ബന്ധപ്പെടുവാൻ സാധിച്ചത് ദൈവത്തിന്റെ മഹാകാരുണ്യം ഒന്നുകൊണ്ടു മാത്രമാണെന്നു മാർ ആലപ്പാട്ട് തന്റെ സന്ദേശത്തിൽ പറഞ്ഞു.

സീറോ മലബാർ കാത്തലിക് കോൺഗ്രസ് പ്രസിഡന്റ് ജോയി കുറ്റ്യാനി, വൈസ് പ്രസിഡന്റ് സാജു വടക്കേൽ, സാജൻ കുര്യൻ, ജിൻസി ജോബിഷ് എന്നിവർ ഈ മഹാസംഗമത്തിനു നേതൃത്വം നൽകി. ബ്രോവാർഡ് കൗണ്ടി ജയിൽ ചാപ്ലെയിൻ നത്താനിയേൽ നോവേൽ പരിപാടികളിൽ പങ്കെടുത്തു.

# കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന് നവസാരഥികൾ



*ന്യൂയോർക്ക്:* അമേരിക്കയിലെ ആദ്യകാല മലയാളി സംഘടനയായ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കിന്റെ വാർഷിക ജനറൽബോഡി യോഗം ഫ്ളോറൽ പാർക്കിലെ ടൈസൻ സെന്ററിൽ ചേർന്നു ഡോ.ജേക്കബ് തോമസിനെ പ്രസിഡന്റായി ഐകകണ്ഠ്യേന തെരഞ്ഞെടുത്തു. ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ വിൻസെന്റ് സിറിയക്കിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

ജനറൽ സെക്രട്ടറിയായ ബേബി ജോസ്, വൈസ് പ്രസിഡന്റായി രാജേഷ് പുഷ്പരാജൻ, ട്രഷററായി അനിയൻ മൂലയിൽ, ജോയിന്റ് സെക്രട്ടറിയായി ഗീവർഗീസ് ജേക്കബ് എന്നിവരേയും തെരഞ്ഞെടുത്തു. ട്രസ്റ്റി ബോർഡ് അംഗമായി കുഞ്ഞ് മാലിയിൽ, കമ്മിറ്റി മെമ്പർമാരായി സജി ഏബ്രഹാം, ഫിലിപ്പ് മഠത്തിൽ, വർഗീസ് ജോസഫ്, ടോമി മഠത്തിക്കുന്നേൽ, മാത്യു ജോഷ്വാ, സാജു തോമസ്, തോമസ് ടി. ഉമ്മൻ എന്നിവരും ഓഡിറ്റേഴ്സായി സക്കറിയാ കരുവേലി, രാജു വർഗീസ് എന്നിവരും, പുതിയ ട്രസ്റ്റി ബോർഡ് ചെയർപേഴ്സണായി സരോജാ വർഗീസും സ്ഥാനമേറ്റു.

2016-ലെ കാര്യപരിപാടികളിൽ നൂതനത കൈവരിക്കുമെന്നു പ്രസിഡന്റ് ഡോ.ജേക്കബ് തോമസ് പറഞ്ഞു.

# ഫ്ളോറിഡ സ്റ്റേറ്റ് പ്രതിനിധിയായി മത്സരിക്കുന്ന ഡോ. സാജൻ കുര്യന് ഫ്ളോറിഡ ചാപ്റ്റർ പിന്തുണ പ്രഖ്യാപിച്ചു

**ജോർജി വർഗീസ്**

ഡോ. മാമ്മൻ സി. ജേക്കബ്, ഫോമ പ്രസിഡന്റ് ആനന്ദൻ നിരവേൽ, ഫൊക്കാന ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ ജോർജി വർഗീസ്, പ്രസ്ക്ലബ് ഓഫ് ഇന്ത്യ പ്രസിഡന്റ് സുനിൽ തൈമറ്റം, അമലാ പ്രസിഡന്റ് മാത്തുക്കുട്ടി തുമ്പമൺ, കേരള സമാജം സെക്രട്ടറി ജോയൽ മാത്യു, നവകേരള ആർട്സ് പ്രസിഡന്റ് ജയിംസ് ദേവസ്യ, കൈരളി ആർട്സ് ചെയർമാൻ രാജൻ പടവത്തിൽ, പാം ബീച്ച് അസോസിയേഷൻ പ്രതിനിധി ലൂക്കോസ് പൈനുങ്കൽ, കിഡ്നി ഫെഡറേഷൻ പ്രസിഡന്റ് ജോർജ് വെൽസ്, ഐഎൻഒസി ട്രഷറർ ബിനു ചിലമ്പത്ത്, സെക്രട്ടറി സജി സക്കറിയ എന്നിവർ സംസാരിച്ചു.

# ഡാളസിൽ ശ്രീനാരായണ മിഷനു പുതിയ നേതൃത്വം



**ഷാജി രാമപുരം**

*ഡാളസ്:* ശ്രീനാരായണ മിഷനു പുതിയ നേതൃത്വം. കരോൾട്ടൺ സിറ്റി സെന്ററിൽ കൂടിയ ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളായി പ്രമോദ് വൈക്കത്ത് (പ്രസിഡന്റ്), സുജിത് തങ്കപ്പൻ (വൈസ് പ്രസിഡന്റ്), വികാസ് ഭാസ്കരൻ (ജനറൽ സെക്രട്ടറി), നന്ദകുമാർ അമ്മിണി (ജോ. സെക്രട്ടറി), മനോജ് കുട്ടപ്പൻ (ട്രഷറർ), മനോജ് തങ്കച്ചൻ (ജോ. ട്രഷറർ) എന്നിവരേയും മീഡിയ കോഓർഡിനേറ്ററായി സുശീൽ കുമാറിനെയും ഡയറക്ടർ ബോർഡിലേക്ക് സന്തോഷ് വിശ്വനാഥൻ, സുജി വാസവൻ, സി.കെ. തമ്പി, ദീപക് കൈതക്കപ്പുഴ, ചന്ദ്രശേഖരൻ, വിലാസ് കുമാർ എന്നിവരേയും തെരഞ്ഞെടുത്തു.

# കാരൂർ സോമനു പ്രവാസി സാഹിത്യ പുരസ്കാരം



*ന്യൂയോർക്ക്:* സാഹിത്യരംഗത്ത് മികച്ച സംഭാവനകൾ നൽകിയവർക്ക് ഓൺലൈൻ മാധ്യമമായ ഇ മലയാളി ഏർപ്പെടുത്തിയ പ്രഥമ സാഹിത്യപുരസ്കാരം കാരൂർ സോമനു ലഭിച്ചു.

സാഹിത്യരംഗത്ത് ഇരുപതോളം സാഹിത്യപുരസ്കാരങ്ങൾ നേടിയിട്ടുള്ള കാരൂർ- മാവേലിക്കര ചാരുംമൂട് സ്വദേശിയാണ്. ബാലരമയിലൂടെ ചെറുകവിതകൾ എഴുതി കടന്നുവന്ന കാരൂർ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി നാടകം, നോവൽ, കഥ, കവിത, ലേഖനം, സഞ്ചാര സാഹിത്യം, ശാസ്ത്ര- സാങ്കേതികം, കായികം, ടൂറിസം മേഖലകളിൽ കേരളത്തിലെ പ്രമുഖ പ്രസാദകർ പ്രസിദ്ധീകരിച്ച നാല്പതോളം കൃതികളുടെ ഉടമയാണ്. ഈയിടെയാണ് കാരൂരിന്റെ ഇംഗ്ലീഷ് നോവൽ 'മലബാർ എഫ്ളെയിം' ബ്രിട്ടീഷ് പാർലമെന്റിൽ വച്ച് കേരള ചീഫ് സെക്രട്ടറി ജിജി തോംസൺ പ്രകാശനം ചെയ്തത്. ലോകമെമ്പാടുമുള്ള മാധ്യമങ്ങളിൽ നിരന്തരം എഴുതുന്നതിനൊപ്പം എല്ലാവർഷവും കേരളത്തിൽനിന്നിറങ്ങുന്ന ഓണപ്പതിപ്പുകളിലും അദ്ദേഹത്തിന്റെ സാന്നിധ്യമുണ്ട്.

മറ്റു പുരസ്കാരങ്ങൾക്ക് അമേരിക്കയിൽനിന്നുള്ള ഡോ. എ.കെ.ബി. പിള്ള (സമഗ്ര സംഭാവന), തമ്പി ആന്റണി (കവിത), ലൈല അലക്സ് (ചെറുകഥ), വാസുദേവ് പുളിക്കൽ (ലേഖനം), ജോർജ് തുമ്പയിൽ (ജനപ്രിയ എഴുത്തുകാരൻ) എന്നിവരും അർഹരായി.

# നാമം എക്സലൻസ് അവാർഡ് നൈറ്റ്: ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**വിനീത നായർ**

*ന്യൂജേഴ്സി:* പ്രവാസി സമൂഹത്തിൽ വേറിട്ട പ്രവർത്തനങ്ങളുമായി മുന്നേറുന്ന പ്രമുഖ സാംസ്കാരിക സംഘടനയായ 'നാമം' മാർച്ച് 19-നു നടത്തുന്ന എക്സലൻസ് അവാർഡ് നൈറ്റ് മികവുറ്റതാക്കാനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

'അതിഥി ദേവോ ഭവ' എന്ന തത്ത്വത്തിൽ വിശ്വസിക്കുന്നുവെന്നും, അവാർഡ് നിശയിൽ പങ്കെടുക്കാനെത്തുന്ന ഓരോ വ്യക്തിയെയും പ്രത്യേക പരിഗണനയോടെ സ്വീകരിക്കുകയും ഏറ്റവും നല്ലൊരനുഭവം സമ്മാനിക്കുകയും ചെയ്യുമെന്നും പ്രോഗ്രാം കൺവീനർ സജിത്കുമാർ പറഞ്ഞു. ഇതിനായി വിവിധ കമ്മിറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പരിപാടിയിൽ പങ്കെടുക്കാനെത്തുന്നവരെ സ്വാഗതം ചെയ്യുന്നതിനായുള്ള റിസപ്ഷൻ കമ്മിറ്റിയിൽ സുനിൽ രവീന്ദ്രൻ, സന്തോഷ് മേനോൻ, അമൃത സഞ്ജയ്, സിജി ആനന്ദ്, ഉഷ മേനോൻ, സുമേഷ് നായർ എന്നിവരാണുള്ളത്.

ബാങ്കറ്റ് ഹാളിനുള്ളിൽ അതിഥികൾക്കായുള്ള സജ്ജീകരണങ്ങളുടെ ചുമതല സജിത് ഗോപി, സഞ്ജീവ് കുമാർ, ഉഷ മേനോൻ, അമൃത സഞ്ജയ്, സീമന്ത് കുമാർ എന്നിവരടങ്ങുന്ന അഡ്മിഷൻ ആൻഡ് ബാങ്ക്വറ്റ് കമ്മിറ്റിക്കാണ്.

പ്രഗത്ഭ വ്യക്തികളെ ആദരിക്കുന്ന എക്സലൻസ് അവാർഡ് നൈറ്റിൽ തികച്ചും വ്യത്യസ്തമായ പരിപാടികളാണ് അവതരിപ്പിക്കുന്നത്. പ്രശസ്ത ഇന്ത്യൻ അമേരിക്കൻ കൊമേഡിയനായ രാജീവ് സത്യാൽ അവതരിപ്പിക്കുന്ന ഹാസ്യ പരിപാടി അവാർഡ് നിശയിലെ ഒരു പ്രധാന ആകർഷണമായിരിക്കും. ന്യൂജേഴ്സിയിലെ എഡിസനിലുള്ള റോയൽ ആൽബെർട്ട്സ് പാലസിൽ മാർച്ച് 19-നു വൈകുന്നേരം ആരംഭിക്കുന്ന എക്സലൻസ് അവാർഡ് നൈറ്റ് വൻ വിജയമാക്കാനുള്ള തിരക്കിലാണ് നാമം പ്രവർത്തകർ.

# നാമം എക്സലൻസ് അവാർഡ്: അപേക്ഷകൾ ക്ഷണിക്കുന്നു

*ന്യൂജേഴ്സി:* പ്രമുഖ സാംസ്കാരിക സംഘടനയായ നാമത്തിന്റെ 2016ലെ എക്സലൻസ് അവാർഡുകൾക്കായുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രഗത്ഭരെയാണ് നാമം, എക്സലൻസ് അവാർഡുകൾ നല്കി ആദരിക്കുന്നത്. ന്യൂജേഴ്സിയിലെ എഡിസനിലുള്ള റോയൽ ആൽബെർട്ട്സ് പാലസിൽ 2016 മാർച്ച് 19 വൈകുന്നേരം അഞ്ചിനു ആരംഭിക്കുന്ന അതീവ ഹൃദ്യമായ ചടങ്ങിൽ വെച്ചാണ് അവാർഡ് ദാനം. തങ്ങളുടെ പ്രവർത്തന മേഖലകളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുകയും, സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തികളിൽ നിന്നും അവാർഡിനായുള്ള അപേക്ഷകൾ സ്വീകരിക്കുമെന്ന് നാമം പ്രസിഡന്റ് ഡോ. ഗീതേഷ് തമ്പി അറിയിച്ചു.

അവാർഡിന് അപേക്ഷിക്കാൻ താത്പര്യമുള്ളവരും, അവാർഡിനായി മറ്റുള്ളവരെ നോമിനേറ്റ് ചെയ്യുന്നവരും, http://www.namam.org/ എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപേക്ഷ ഫോം പൂരിപ്പിക്കേണ്ടതാണ് . കൂടുതൽ വിശദാംശങ്ങൾ ഈ വെബ് സൈറ്റിൽ ലഭ്യമാണ്. ഫെബ്രുവരി 29മുമ്പ് അപേക്ഷകൾ അയയ്ക്കണം.

# എൻഎസ്എസ് ഓഫ് നോർത്ത് അമേരിക്ക നായർ സംഗമം 2016: ഒരുക്കങ്ങൾ പുരോഗമിക്കുന്നു



**ജയപ്രകാശ് നായർ**

*ന്യൂയോർക്ക്:* 2016 ഓഗസ്റ്റ് 12, 13, 14 തീയതികളിൽ ഹൂസ്റ്റണിലെ ക്രൗൺ പ്ലാസ ഹോട്ടലിൽ (8686 Kirby Drive, Houston, Texas, TX 77054) നടക്കുന്ന എൻഎസ്എസ് ഓഫ് നോർത്ത് അമേരിക്കയുടെ കൺവൻഷന്റെ ഒരുക്കങ്ങളുടെ അവലോകന യോഗം പ്രസിഡന്റ് ജി.കെ. പിള്ളയുടെ അധ്യക്ഷതയിൽ കൂടി.

വിപുലമായ കാര്യപരിപാടികളോടുകൂടി കൺവൻഷൻ നടത്താൻ യോഗത്തിൽ ധാരണയായി. കൺവൻഷന്റെ വിജയത്തിനായി അമേരിക്കയിലുള്ള എല്ലാ നായർ കുടുംബാംഗങ്ങളെയും ഹൂസ്റ്റണിലേക്കു സ്വാഗതം ചെയ്യുന്നുവെന്നു പ്രസിഡന്റ് ജി.കെ. പിള്ള അറിയിച്ചു. സാധാരണ രീതിയിൽ നിന്നും തികച്ചും വ്യത്യസ്തമായിട്ടായിരിക്കും 'നായർ സംഗമം 2016' എന്നു പേരിട്ടിരിക്കുന്ന ഈ കൺവൻഷൻ, നോർത്ത് അമേരിക്കയിലെ എല്ലാ നായർ കുടുംബാംഗങ്ങൾക്കും പരസ്പരം പരിചയപ്പെടാനും സൗഹൃദം പങ്കു വയ്ക്കാനുമുള്ള ഒരു അസുലഭ സന്ദർഭമായിരിക്കുമെന്ന് ജനറൽ സെക്രട്ടറി സുനിൽ നായർ അഭിപ്രായപ്പെട്ടു. കലാപരമായും സാംസ്കാരികപരമായും വേറിട്ട ഒരനുഭവമായിരിക്കും 'നായർ സംഗമം 2016' എന്നു ട്രഷറർ പൊന്നു പിള്ള പറഞ്ഞു.

യുവജനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഈ സംഗമത്തിൽ പുതിയ തലമുറയ്ക്ക് ആശയവിനിമയം നടത്താനുമുള്ള വേദിയായിരിക്കും ഈ കൺവൻഷൻ എന്നു ജോയിന്റ് ട്രഷറർ ബാലു മേനോൻ പറഞ്ഞു. നായർ സംഗമം 2016ൽ കലാ സാംസ്കാരിക വിദ്യാഭ്യാസ വ്യവസായ തുടങ്ങിയ മേഖലകൾക്ക് മുൻതൂക്കവും ഈ മേഖലകളിൽ കഴിവു തെളിയിച്ച ആളുകളുമായി അടുത്തിടപഴകാൻ പറ്റുന്ന ഒരു സുവർണ്ണാവസരം ആണെന്ന് എൻ.എസ്.എസ്. ഓഫ് നോർത്ത് അമേരിക്ക നാഷണൽ കമ്മിറ്റി മെമ്പറും ഷിക്കാഗോ എൻഎസ്എസ് പ്രസിഡന്റും ആയ എം.എൻ.സി. നായർ പറഞ്ഞു. നാഷണൽ കമ്മിറ്റി മെമ്പർ വാസുദേവൻ പിള്ള, നായർ സംഗമം 2016ന്റെ വിജയത്തിനു പല മാർഗ നിർദേശങ്ങൾ നൽകിയതിനോടൊപ്പം കൂടുതൽ കരയോഗങ്ങൾ രൂപവത്കരിക്കുന്നതിനു വേണ്ട ശ്രമം തുടരണം എന്നും അഭിപ്രായപ്പെട്ടു.

നായർ സംഗമം 2016 എന്നു നാമകരണം ചെയ്തിരിക്കുന്ന ഈ കൺവൻഷന്റെ വേദിക്കു ശ്രീ വിദ്യാധിരാജ നഗർ എന്നുമാണു പേരിട്ടിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് : പ്രസിഡന്റ് ജി. കെ. പിള്ള 8322770234, ജനറൽ സെക്രട്ടറി സുനിൽ നായർ 516710 8760, ട്രഷറർ പൊന്നു പിള്ള 281261 4950 .

# ശ്രീ നാരായണ ദേശീയ കൺവൻഷന്റെ ഡാളസ് റീജണൽ രജിസ്ട്രേഷൻ കിക്ക് ഓഫ്



**ഷാജി രാമപുരം**

*ഡാളസ്:* ശ്രീനാരായണ ഗുരുദേവന്റെ മതാതീയ ആത്മീയതയുടെയും മാനവികതയുടെയും സ്നേഹ സന്ദേശങ്ങൾ വിളിച്ചോതിക്കൊണ്ട് ജൂലൈ ഏഴു മുതൽ 10 വരെ ഹൂസ്റ്റണിൽ നടക്കുന്ന ശ്രീനാരായണ ദേശീയ കൺവൻഷന്റെ ഡാളസ് റീജണൽ രജിസ്ട്രേഷൻ കിക്ക് ഓഫ് ജനുവരി 23ന് ഇർവിംഗിൽ നടന്നു.

ശ്രീനാരായണ മിഷൻ ഓഫ് നോർത്ത് ടെക്സസിന്റെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് പ്രമോദ് വൈക്കത്ത്, സെക്രട്ടറി വികാസ് ഭാസ്കരൻ, ട്രഷറർ മനോജ് കുട്ടപ്പൻ, കമ്മിറ്റി അംഗങ്ങളായ സുജിത് തങ്കപ്പൻ, നന്ദകുമാർ അമ്മിണി, മനോജ് തങ്കച്ചൻ, സുശീൽ കുമാർ, ഡയറക്ടർ ബോർഡ് അംഗങ്ങളായ സന്തോഷ് വിശ്വനാഥൻ, സുജി വാസവൻ, സി.കെ. തമ്പി, വിലാസ് കുമാർ, ശ്രീനാരായണ ഫെഡറേഷൻ ഓഫ് നോർത്ത് അമേരിക്ക ജനറൽ സെക്രട്ടറി ദീപക് കൈതക്കപ്പുഴ തുടങ്ങിയവർ നേതൃത്വം നൽകി.

ജൂലൈയിൽ നടത്തുന്ന ദേശീയ കൺവൻഷനിൽ ദാർശനിക ലോകത്തിനു ഗുരുദേവൻ നൽകിയ സംഭാവനകൾ, ഗുരുദേവ പ്രസ്ഥാനങ്ങളുടെ സാമൂഹ്യ സാംസ്കാരിക, സാഹിത്യ, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമ്പത്തിക മണ്ഡലങ്ങളിലെ സംഭാവനകൾ തുടങ്ങിയവ ചർച്ച ചെയ്യുന്നതും വർത്തമാനകാലത്തിന്റെ ദുരിതങ്ങളായ മത, വംശീയ ജാതി ഭ്രാന്തുകളുടെ പരിഹാരമായി ഗുരുദർശനത്തെ എങ്ങനെ ലോകത്തിനു പരിചയപ്പെടുത്താം എന്നതുമാണ് കൺവൻഷന്റെ മുഖ്യ ലക്ഷ്യമെന്നു സംഘാടകർ അറിയിച്ചു.

# ഫ്ളോറിഡയിൽ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

*ഫ്ളോറിഡ:* ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡ ചാപ്റ്ററിന്റെ നേതൃത്വത്തിൽ 67-ാമത് റിപ്പബ്ലിക് ദിനം ഡേവിയിലുള്ള മഹാത്മാഗാന്ധി സ്ക്വയറിൽ ആഘോഷിച്ചു.

ടൗൺ ഓഫ് ഡേവി മേയർ ജൂഡി പോൾ, ഡേവി കൗൺസിൽ മെംബർ കാരൾ ഹാട്ടൺ, ഫ്ളോറിഡ റപ്രസെന്റേറ്റീവ് സ്ഥാനാർഥി ഡോ. സാജൻ കുര്യൻ, ഐഎൻഒസി നാഷണൽ വൈസ് പ്രസിഡന്റ് ഡോ. മാമ്മൻ സി. ജേക്കബ്, ഫ്ളോറിഡ ചാപ്റ്റർ പ്രസിഡന്റ് അസിസി നടയിൽ എന്നിവരുടെ നേതൃത്വത്തിൽ ഗാന്ധി പ്രതിമയ്ക്കു മുന്നിൽ പുഷ്പാർച്ചന നടത്തി. മേയർ ജൂഡി പോൾ റിപ്പബ്ലിക് ദിന സന്ദേശം നൽകി.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത കെപിസിസി വൈസ് പ്രസിഡന്റ് അഡ്വ. ലാലി വിൻസെന്റ് ഇന്ത്യൻ ഭരണഘടനയുടെ കാതലായ മൂല്യങ്ങൾ വിശദീകരിച്ചു. ഐഎൻഒസി ഫ്ളോറിഡ ചാപ്റ്റർ പ്രസിഡന്റ് അസിസി നടയിൽ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ അന്തരിച്ച മുൻ കേരള സ്പീക്കർ എ.സി. ജോസിനും സിനിമാതാരം കൽപ്പനയ്ക്കും ആദരാഞ്ജലികൾ അർപ്പിച്ചു.

# നിര്യാതരായി

## ജോൺ സി. ജോർജ്



*ഷിക്കാഗോ:* ദീർഘകാലമായി ഷിക്കാഗോയിൽ താമസിച്ചുവരുന്ന ജോർജ് മുതലാളിയുടേയും, മറിയാമ്മ ജോർജിന്റേയും മകൻ ജോൺ സി. ജോർജ് (35) ജനുവരി 21-നു വ്യാഴാഴ്ച നിര്യാതനായി. പിതാവ് ജോർജ് മുതലാളി കൊല്ലം ചാത്തന്നൂർ സ്വദേശിയാണ്. സഹോദരൻ: സിനി ജോർജ്

പൊതുദർശനം ജനുവരി 23-നു ശനിയാഴ്ച രാവിലെ 9.30 മുതൽ 12 വരെ ഷിക്കാഗോ സെന്റ് തോമസ് മാർത്തോമാ ദേവാലയത്തിൽ (710 N Main St, Lombard, IL 60148) വച്ച് നടത്തപ്പെട്ടു. സംസ്കാര ശുശ്രൂഷ ക്ലെയർഡൺ ഹിൽസ് സെമിത്തേരിയിൽ (6900 S Cass Ave, Darien, IL 60561) നടന്നു.

വാർത്ത: ബെന്നി പരിമണം

## ഡോ.ജോർജ് ജോസഫ്



*പോട്ടോമാക്ക്, മെരിലാൻഡ്:* പ്രശസ്ത ഭിഷഗ്വരനും കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടന്റെ മുൻ പ്രസിഡന്റുമായ ഡോ. ജോർജ് ജോസഫ് (78) നിര്യാതനായി. പാലാ തോട്ടുങ്കൽ കുടുംബാംഗമാണ്.

തിരുവനന്തപുരം മെഡിക്കൽ കോളജിലെ ആദ്യകാല വിദ്യാർഥികളിലൊരാളാണ്. 1962ൽ മെഡിക്കൽ ബിരുദം നേടി. തൃശൂർ പാടത്തിപ്പറമ്പിൽ കുടുംബാംഗം ടെസി പോളുമായുള്ള വിവാഹ ശേഷം അമേരിക്കയിലെത്തി. ന്യുയോർക്കിലും ബാൾട്ടിമൂറിലുമായി മെഡിക്കൽ റെസിഡൻസി പൂർത്തിയാക്കിയ ശേഷം 1969ൽ പോട്ടോമാക്കിൽ സ്ഥിരതാമസമാക്കി.

മക്കൾ: ഡോ. റോയ്, ജസ്റ്റീസ് ഡിപ്പാർട്ട്മെന്റിൽ പ്രോസിക്യൂട്ടിംഗ് അറ്റോർണി പോൾ, ബാങ്കർ അനിൽ. മരുമകൾ: കാരൻ. കൊച്ചുമക്കൾ: കൈൽ, ലിൻഡ്സേ, റയൻ, വില്യം, നേറ്റ്. സഹോദരരായ ജോയ് ജോസഫ്, ലീലാമ്മ, തങ്കമ്മ എന്നിവർ കേരളത്തിലുണ്ട്.

wake: Saint Raphael Catholic Church in Rockville, Maryland (1513 Dunster Road, Rockville, MD 20854) from 6 pm to 8 pm on Friday, January 29, and the funeral is at 12 noon on Saturday, January 30, also at Saint Raphael Church. He will be buried at the Gate of Heaven Cemetery, 13801 Georgia Avenue, Silver Spring, MD 20906.

## എം.വി.ജോർജ്



*ഫിലഡൽഫിയ:* റാന്നി, കളമ്പാല പുറത്തൂട്ട് എം.വി. ജോർജ് (92) ഫിലാഡൽഫിയയിൽ നിര്യാതനായി. ചെങ്ങന്നൂർ ഇറപ്പുഴ പരേതയായ അന്നമ്മയാണ് ഭാര്യ.

മക്കൾ: കുഞ്ഞ്, റോസമ്മ, പൊന്നച്ചൻ (ഫിലാഡൽഫിയ), കുഞ്ഞുമോൾ, രാജു, മോനച്ചൻ, ജോളി (ഡിട്രോയിറ്റ്). മരുമക്കൾ: കൊച്ചുമോൾ, തമ്പി, സൂസൻ (ഫിലാഡൽഫിയ), പരേതനായ ജോർജുകുട്ടി, അമ്മിണി, മോളി, ജോസ് (ഡിട്രോയിറ്റ്).

സംസ്കാരം 23-നു ബൻസലേം റിച്ചില്യു റോഡിലെ റോസ്ഡെയിൽ മെമ്മോറിയൽ പാർക്കിലുള്ള എസ്ജിഎംഎസി സെമിത്തേരിയിൽ നടന്നു. (3850 Richilieu Road, Bensalem, PA 19020).

## വിനോദ് ജയിംസ്



*ടീനെക്ക്, ന്യൂജേഴ്സി:* ടീനെക്കിൽ ദീർഘകാലമായി താമസിച്ചുവരുന്ന ഡോ. ജയിംസ് റപ്പായി, എൽസി ദമ്പതികളുടെ (മണ്ണുത്തി, കിടങ്ങൻ കുടുംബം) പുത്രൻ വിനോദ് ജയിംസ് (32) ഹോളിനൈം ആശുപത്രിയിൽ ജനുവരി 14-നു നിര്യാതനായി. സഹോദരിമാർ: പ്രിയ ജയിംസ്, ധന്യ ജയിംസ്.

സംസ്കാര ശുശ്രൂഷകൾ ജനുവരി 18ന് പരാമസ് ജോർജ് വാഷിംഗ്ടൻ സെമിത്തേരിയിൽ നടന്നു. കൂടുതൽ വിവരങ്ങൾക്ക്: ജോയി ചാക്കപ്പൻ (201) 563 6294.

# ട്രിനിറ്റി സെന്റർ കൂദാശ ചെയ്തു



**ജീമോൻ റാന്നി**

*ഹൂസ്റ്റൺ:* ട്രിനിറ്റി മാർത്തോമ ഇടവകയിലെ ജനങ്ങളുടെയും പ്രത്യേകിച്ച് കായികപ്രേമികളുടെയും സ്വപ്നസാക്ഷാത്ക്കാരമായി ആധുനിക സൗകര്യങ്ങളോടുകൂടി പണി പൂർത്തീകരിച്ച ട്രിനിറ്റി സെന്ററിന്റെ (പവലിയൻ) കൂദാശ മാർത്തോമ സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തിയൊഡോഷ്യസ് എപ്പിസ്കോപ്പാ നിർവഹിച്ചു.

2015 ഡിസംബർ 25ന് ദേവാലയത്തിൽ നടന്ന ക്രിസ്മസ് ശുശ്രൂഷാനന്തരം ട്രിനിറ്റി സെന്ററിൽ നടന്ന കൂദാശാകർമത്തിൽ വികാരി റവ. കൊച്ചുകോശി ഏബ്രഹാം, അസിസ്റ്റന്റ് വികാരി റവ. മാത്യുസ് ഫിലിപ്പ് എന്നിവർ സഹകാർമികരായിരുന്നു.

ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്പോർട്സ് ഫെസിലിറ്റി ഭദ്രാസനത്തിൽ ആദ്യത്തേതാണ്. അമേരിക്കയിൽ പണികഴിപ്പിച്ച പ്രഥമ മാർത്തോമ ദേവാലയമായ ട്രിനിറ്റി മാർത്തോമ ഇടവകയുടെ ചരിത്രത്തിലെ മറ്റൊരു നാഴികക്കല്ലു കൂടിയാണ് ട്രിനിറ്റി സെന്റർ. ഇടവകയ്ക്ക് മാത്രമല്ല, ഹൂസ്റ്റണിലെ എക്യൂമെനിക്കൽ സമൂഹത്തിനും പൊതുസമൂഹത്തിനും ഈ സെന്റർ പ്രയോജനകരമായി തീരട്ടെയെന്നും മാർ തിയൊഡോഷ്യസ് ആശംസിച്ചു.

പതിനായിരം ചതുരശ്ര അടിയിൽ പണി പൂർത്തീകരിച്ച ട്രിനിറ്റി സെന്ററിൽ ഒരേസമയം ബാസ്ക്കറ്റ്ബോൾ, വോളിബോൾ, ഷട്ടിൽ ബാഡ്മിന്റൺ തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിനുള്ള സൗകര്യമാണ് ഇപ്പോൾ ഒരുക്കിയിരിക്കുന്നത്. പ്രത്യേകമായി ഒരുക്കിയ സ്പോർട്സ് ലൈറ്റിംഗും സെന്ററിന്റെ പ്രത്യേകതയാണ്.

കായികരംഗത്തിന്റെ വികസനത്തിനും പരിശീലനത്തിനും ഉതകുന്ന രീതിയിൽ ഹൂസ്റ്റണിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ട്രിനിറ്റി സെന്ററിനെ വലിയ പ്രതീക്ഷയോടെയാണ് ഹൂസ്റ്റണിലെ എക്യൂമെനിക്കൽ സമൂഹവും പൊതുസമൂഹവും കാണുന്നത്.

റവ.കൊച്ചുകോശി ഏബ്രഹാം(വികാരി) റവ.മാത്യൂസ് ഫിലിപ്പ് (അസി.വികാരി), ഷോൺ ഉമ്മൻ (കൺവീനർ), റെജി ജോൺ, മാത്യു കോശി (ജോ. കൺവീനറന്മാർ) ഇടവക ചുമതലക്കാർ തുടങ്ങി 30 പേരടങ്ങുന്ന കമ്മിറ്റിയാണ് ട്രിനിറ്റി സെന്ററിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

# ന്യൂയോർക്ക് സെന്റ് സ്റ്റീഫനിൽ വാർഷിക ധ്യാനം മാർച്ച് 18, 19, 20 തീയതികളിൽ

*ന്യൂയോർക്ക്:* ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിലെ ഈ വർഷത്തെ കുടുംബ നവീകരണ ധ്യാനം മാർച്ച് 18, 19, 20 തീയതികളിൽ നടക്കും.

പ്രശസ്ത വചന പ്രഘോഷകനായ ഫാ. ജോൺ മേനാചേരി ഒഎഫ്എം ആണ് ധ്യാനത്തിനു നേതൃത്വം നൽകുന്നത്.

18ന് വൈകുന്നേരം ആറിന് ആരംഭിക്കുന്ന ധ്യാനം 19നു രാവിലെ ഒമ്പതിനു തുടരും. 20ന് ഓശാന ഞായറാഴ്ചയിലെ തിരുക്കർമങ്ങൾ രാവിലെ 10നും തുടർന്നു കുടുംബ നവീകരണ ധ്യാനം തുടരുകയും ചെയ്യുന്നു. ഇടവകയിലെ കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേക ധ്യാനം പള്ളിയിലെ പാരിഷ് ഹാളിൽ നടക്കും. ധ്യാനത്തിൽ സംബന്ധിക്കുന്നവർക്കു ലഘുഭക്ഷണം ലഭ്യമാണ്.

വിവരങ്ങൾക്ക് ഇടവക വികാരി ഫാ. ജോസ് തറയ്ക്കലുമായി ബന്ധപ്പെടുക.



# യുവക്കാളെ, സാഹസികരായി മുന്നോട്ടു പോകുക



■ എം.കെ.സാനു

**വ**യലാർ ട്രസ്റ്റിന്റെ എല്ലാ വാർഷികത്തിലും ചില അനുഷ്ഠാനങ്ങളുണ്ട്. അതിൽ ഒന്ന് സ്ഥാപകനേതാക്കളെ ഓർമ്മിക്കുക എന്നതാണ്. പ്രത്യേകിച്ചും ഈ ട്രസ്റ്റിന് ആരോഗ്യകരമായ രീതിയിൽ പ്രവർത്തനം നടത്താൻ ആവശ്യമായ സംവിധാനം ഉണ്ടാക്കിത്തന്നത് സി.അച്യുതമേനോനാണ്. കേരള രാഷ്ട്രീയത്തിൽ കുലീനതയുടെ പര്യായമായി എല്ലാവരും കാണുന്ന ഒരു വ്യക്തിപ്രഭാവമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹത്തെ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നു.

**നിഷ്ക്രിയനായ ഒരു വ്യക്തിയാണ്. പക്ഷേ, അദ്ദേഹത്തിന്റെ നോവൽ കേരളത്തിൽ വമ്പിച്ച പ്രചാരം നേടുകയുണ്ടായി. അത് എത്രത്തോളം സ്വാധീനം ചെലുത്തി എന്നത് മറ്റൊരു ചോദ്യമാണ്. ഒരു സാഹിത്യകൃതിക്ക് എത്രത്തോളം സ്വാധീനം ഉണ്ടെന്ന് നമുക്കറിയില്ല. എങ്കിലും പഴയ വീരനായകന്റെ സ്ഥാനത്ത് ആന്റി ഹീറോ എന്നു പാശ്ചാത്യർ പറയുന്നവർ നായകസ്ഥാനത്ത് മുഖ്യകഥാപാത്രത്തിന്റെ സ്ഥാനത്ത് എത്തിച്ചേരുന്നത് നാം കാണുന്നു.**
**എം.ടി.വാസുദേവൻനായർ മറ്റൊരു ഉദാഹരണമാണ്. കാലത്തിലെ സേതു അഭിനന്ദനീയമായ യാതൊരു ഗുണവുമുള്ള വ്യക്തിയല്ല. സേതു കൈലേസുപോലെ പ്രണയബന്ധങ്ങളിൽ ഏർപ്പെട്ട്, അതൊക്കെ വലിച്ചെറിഞ്ഞ് സ്വന്തം കാര്യം മാത്രം നോക്കുന്ന ഒരു വ്യക്തിയാണ്. അതാണ് 'കാല'ത്തിൽ അവതരിപ്പിക്കുന്നത്.**

ആരുടെ പേരിലാണ് ഈ ട്രസ്റ്റ് ആരംഭിച്ചത് ആ കവിയേയും ചടങ്ങിനുവേണ്ടി നമുക്ക് ഓർമ്മിക്കേണ്ടിയിരിക്കുന്നു. വയലാർ രാമവർമ്മ മൂന്നു രംഗങ്ങളിലാണ് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളത്. ഒന്ന് കവിതയിലാണ്. രണ്ട് സിനിമ ഗാനങ്ങൾ രചിക്കുന്നതിലാണ്. മൂന്ന് അദ്ദേഹം പൊതുപ്രവർത്തകൻ എന്ന രീതിയിലും. അദ്ദേഹത്തെ ഞാൻ ആദ്യം കാണുന്നത് പൊതുപ്രവർത്തകൻ എന്ന രീതിയിലാണ്. അതിൽ അദ്ദേഹത്തിന് ഒരു പരിണാമം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. തനി ഗാന്ധിയനായി സാത്വികമായ ജീവിതശൈലികളുമായി സ്ത്രൈണമായ മുഖഭാവവുമായി പൊതുരംഗത്ത് പ്രവർത്തിക്കുന്ന രാമവർമ്മയെയാണ് ഞാൻ കണ്ടത്- മീശ മുളയ്ക്കാത്ത പ്രായത്തിൽ.

സാവധാനത്തിൽ അദ്ദേഹത്തിന്റെ വീക്ഷണം മാറി. വീക്ഷണം മാറുന്നതിനു കാരണം നിങ്ങൾക്കും എനിക്കും അറിയാവുന്നതുപോലെ വയലാർ വിപ്ലവമാണ്. അന്ന് അദ്ദേഹത്തിന് പന്ത്രണ്ട് പതിനാല് വയസ്സുമാത്രമേയുള്ളു. ആ വിപ്ലവം ആ പ്രദേശത്തു മാത്രമല്ല; കേരളത്തിൽ മാത്രമല്ല; ഇന്ത്യയിലും ആളുകളിൽ പുതിയ ഒരു അവബോധം സൃഷ്ടിക്കുകയുണ്ടായി. പി. ഭാസ്കരന്റെ വയലാർ ഗർജ്ജിക്കുന്നു എന്ന കവിത വരുന്നത് തൊട്ടു പിന്നാലെയാണ്. ആ ഒരു പുതിയ വീക്ഷണത്തിൽ അദ്ദേഹം പൂർണ്ണമായും മാനവികദർശനം ഉൾക്കൊള്ളുകയും ദൈവത്തേക്കാൾ അധികം പ്രാധാന്യം മനുഷ്യന് തന്റെ വീക്ഷണത്തിലും തന്റെ കവിതാരചനയിലും നൽകുകയും ചെയ്തു. ആ മനുഷ്യസങ്കല്പം 19-ാം നൂറ്റാണ്ടിൽ നിന്നുള്ള മനുഷ്യസങ്കല്പമാണ്. അത് ചക്രവാളത്തിൽ കാലൂന്നി നിന്ന് തേജോഗോളങ്ങളെടുത്ത് അമ്മാനമാടുന്ന മനുഷ്യനെപ്പറ്റിയുള്ള സങ്കല്പമാണ്. അതാണ് അശ്വമേധത്തെക്കുറിച്ചൊക്കെ അദ്ദേഹം പാടിയത്. ആ ദർശനത്തിലാണ് അദ്ദേഹം അവസാനംവരെ തന്റെ കവിതകളിൽ ഉറച്ചുനിന്നത്. സിനിമാപ്പാട്ടിൽ അല്പം മാറിയിരിക്കാം. പക്ഷേ, മറ്റെല്ലാ കാര്യങ്ങളിലും ആ ഒരു ദർശനം അദ്ദേഹം മുറുകെ പിടിച്ചിരുന്നു. ഒരുപക്ഷെ അദ്ദേഹത്തിന്റെ ബലവും അതു തന്നെയായിരുന്നു. മനുഷ്യനിൽ തനിക്കുള്ള അചഞ്ചലമായ വിശ്വാസം. മനുഷ്യൻ അജയ്യനാണ്. അവൻ ഈ ഭൂമിയുടെ അധിപനാണ് എന്ന വിശ്വാസമാണ്. അദ്ദേഹം മറഞ്ഞതിനുശേഷം ഈ വിശ്വാസത്തിന് ഉലച്ചിൽ സംഭവിച്ചിട്ടുണ്ട്. ആ ഉലച്ചിൽ മറ്റു പല തരത്തിൽ മാറി എന്നു മാത്രമല്ല; മനുഷ്യനെ സംബന്ധിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ എത്തിയപ്പോഴേക്കും നമ്മുടെ സങ്കല്പം സാവധാനത്തിൽ മാറാൻ തുടങ്ങി. ലോകസാഹിത്യത്തിൽ വന്ന മാറ്റമാണത്. ഒരുപക്ഷെ ലോകം മുഴുവൻ വ്യാപിച്ച ആത്മീയതയുടെ കാലാവസ്ഥയായി വന്ന മാറ്റമാണ്.

ആ മാറ്റം ആദ്യം നാം കാണുന്നത് കേരളത്തിൽ ഒ.വി. വിജയന്റെ നോവലിലാണെന്നു പറയാം. ഖസാക്കിന്റെ ഇതിഹാസം. അതിലെ രവി നമുക്ക് ആരാധിക്കാവുന്ന അഭിനന്ദിക്കാവുന്ന ഒരു കർമ്മവും ചെയ്യുന്നില്ല. നിഷ്ക്രിയനായ ഒരു വ്യക്തിയാണ്. പക്ഷേ, അദ്ദേഹത്തിന്റെ നോവൽ കേരളത്തിൽ വമ്പിച്ച പ്രചാരം നേടുകയുണ്ടായി. അത് എത്രത്തോളം സ്വാധീനം ചെലുത്തി എന്നത് മറ്റൊരു ചോദ്യമാണ്. ഒരു സാഹിത്യകൃതിക്ക് എത്രത്തോളം സ്വാധീനം ഉണ്ടെന്ന് നമുക്കറിയില്ല. എങ്കിലും പഴയ വീരനായകന്റെ സ്ഥാനത്ത് ആന്റി ഹീറോ എന്നു പാശ്ചാത്യർ പറയുന്നവർ നായകസ്ഥാനത്ത് മുഖ്യകഥാപാത്രത്തിന്റെ സ്ഥാനത്ത് എത്തിച്ചേരുന്നത് നാം കാണുന്നു.

എം.ടി.വാസുദേവൻനായർ മറ്റൊരു ഉദാഹരണമാണ്. കാലത്തിലെ സേതു അഭിനന്ദനീയമായ യാതൊരു ഗുണവുമുള്ള വ്യക്തിയല്ല. സേതു കൈലേസുപോലെ പ്രണയബന്ധങ്ങളിൽ ഏർപ്പെട്ട്, അതൊക്കെ വലിച്ചെറിഞ്ഞ് സ്വന്തം കാര്യം മാത്രം നോക്കുന്ന ഒരു വ്യക്തിയാണ്. അതാണ് 'കാല'ത്തിൽ അവതരിപ്പിക്കുന്നത്.

നമുക്ക് ആരാധിക്കാവുന്ന വലിയ വീരനായകന്മാരുടെ സ്ഥാനത്ത് സാധാരണക്കാരെയാണ് പുരോഗമനസാഹിത്യം അവതരിപ്പിച്ചത്. തകഴിയും കേശവദേവും അതും വിട്ടതിനുശേഷം സാധാരണക്കാരേക്കാൾ നമുക്ക് അപലപനീയമായ കർമ്മങ്ങളിൽ വരെ ഏർപ്പെടുന്നവരെയാണ് അവതരിപ്പിക്കുന്നത്. ആ ഒരു വീക്ഷണമാണ് സുഭാഷ് ചന്ദ്രനിലും കാണുന്നത്. അതിന് മറ്റൊരു ദാർശനികതലം വന്നിട്ടുണ്ട് എന്നു മാത്രമേയുള്ളു. 'മനുഷ്യന് ഒരാമുഖം' കേരളചരിത്രത്തിന്റെ പശ്ചാത്തലത്തിലാണ് എഴുതിയിരിക്കുന്നത്. ഏകദേശം അരനൂറ്റാണ്ടു കാലത്തെ കേരള സമൂഹം, കേരളത്തിലെ സമൂഹത്തിലുണ്ടായ മാറ്റം, അതിൽ ആധിപത്യം ചെലുത്തിയ നല്ലതും ചീത്തയുമായ പ്രവണതകൾ, ഇതെല്ലാം ഇതിന്റെ പശ്ചാത്തലമായി വരുന്നുണ്ട്.

നോവൽ മൗലികമായി സമൂഹത്തെ, കാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന ഒരു സാഹിത്യസൃഷ്ടിയാണ്. നോവലിനെക്കുറിച്ച് സ്റ്റെന്താൽ പറയുന്നത് 'വഴിയരികിൽ പിടിച്ച കണ്ണാടി' എന്നാണ്. വഴിയരികിൽ നിങ്ങൾ ഒരു കണ്ണാടി വച്ചാൽ കടന്നുപോകുന്ന യാത്രക്കാർ, വാഹനങ്ങൾ, മറ്റെല്ലാ ചലനങ്ങളും അതിൽ പ്രതിഫലിക്കും. ഏതാണ്ട് അതുപോലെ ഒരു കാലഘട്ടത്തെ പ്രതിഫലിപ്പിക്കുക എന്ന ധർമം എല്ലാ നോവലുകളിലും നിർവ്വഹിക്കുന്നുണ്ട്. ആ അർത്ഥത്തിൽ ഒരു കാലഘട്ടത്തിന്റെ ഉപരിതലത്തിലുള്ള ചലനങ്ങൾ മാത്രമല്ല, ആന്തരികമായ ചലനങ്ങൾകൂടി ആവിഷ്കരിക്കുന്ന ബൃഹത്തായ ഉൾക്കാഴ്ചയുള്ള ഒരു നോവലാണ് സുഭാഷ് ചന്ദ്രന്റെ മനുഷ്യന് ഒരാമുഖം എന്ന നോവൽ. ശൈലിയിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അവാർഡിനർഹയായ മീരയും ശൈലിയുടെ കാര്യത്തിൽ വളരെ നിഷ്കർഷ ചെലുത്തിയ എഴുത്തുകാരിയാണ്. വലിയ എഴുത്തുകാരെല്ലാം അത് ചെയ്യാറുണ്ട്. പലതവണ മാറ്റിയെഴുതുക; സുഭാഷ് ചന്ദ്രനും പലതവണ അതു ചെയ്തിട്ടുണ്ട്.

സ്റ്റെന്താലിന്റെ ഒരു പുസ്തകത്തിന്, അദ്ദേഹം തീരെ ശ്രദ്ധിക്കപ്പെടാതിരുന്ന കാലത്ത്, ലോകം മുഴുവൻ ശ്രദ്ധിച്ചിരുന്ന ഒരു നോവലിസ്റ്റ് നല്ല വിമർശനം എഴുതിയിട്ടുണ്ട്. ബെൽസാക്കാണ് എഴുതിയത്. ലോകത്തിലെ ഏറ്റവും വലിയ നോവലിസ്റ്റ് ആരാണെന്നുള്ള ചോദ്യത്തിന് ഷ്ളോകോസ് നൽകുന്ന ഉത്തരം ബെൽസാക്ക് എന്നാണ്. ഏറ്റവും വലിയ നോവൽ 'വാർ ആന്റ് പീസ്' ആണെങ്കിൽ ഏറ്റവും വലിയ നോവലിസ്റ്റ് ബെൽസാക്കാണ്. അതാണ് അദ്ദേഹത്തിന്റെ വാദം. പുസ്തകം പ്രസിദ്ധീകരിച്ചിട്ടും അതാരും വായിക്കാതെ ആദ്യപതിപ്പുപോലും വിറ്റഴിക്കാതെ കിടന്ന ഒരു പുസ്തകം ലോകത്തിലെ ഏറ്റവും വലിയ പ്രശസ്തനായ നോവലിസ്റ്റ് അതിനെപ്പറ്റി ഒരു അഭിപ്രായം എഴുതി. ഇതൊരു നല്ല ഒരു പ്രമേയമാണ്. ഈ പ്രമേയം ആധാരമാക്കി ഒരു നോവൽ എഴുതാൻ ഞാൻ ശ്രമിച്ചുനോക്കി. എനിക്കു കഴിഞ്ഞില്ല. എനിക്കു കഴിയാത്തത് വേണ്ടത്ര പ്രശസ്തി ഇല്ലാത്ത സ്റ്റെന്താൽ ചെയ്തിരിക്കുന്നു. ഇതിന് സ്റ്റെന്താൽ എഴുതിയ മറുപടി അദ്ദേഹത്തിന്റെ ജീവചരിത്രത്തിലുണ്ട്. അദ്ദേഹം പറഞ്ഞു, ഞാൻ സാഹിത്യത്തിലെ ഒരനാഥ ശിശുവാണ്. ആരും എന്നെ അറിയുന്നില്ല. ആരും എന്റെ പുസ്തകം വായിക്കുന്നില്ല. പക്ഷേ, സാഹിത്യലോകത്തിൽ നിറഞ്ഞു നിൽക്കുന്ന, അതിൽ ഒരു ചക്രവർത്തിയെപ്പോലെ നിറഞ്ഞു നിൽക്കുന്ന അങ്ങ് ഈ അനാഥ ബാലന്റെ കൃതി എടുത്ത് ലോകത്തിനുമുന്നിൽ പറഞ്ഞ് ശ്രേഷ്ഠമാക്കിയതിന് എനിക്കുള്ള കൃതജ്ഞത എത്രത്തോളമുണ്ടെന്നു പറയുക സാധ്യമല്ല. എങ്കിലും ബൽസാക്ക് അതിന്റെ ശൈലിയെപ്പറ്റി അല്പം വിപ്രതിപത്തി രേഖപ്പെടുത്തി. ശൈലിയെക്കുറിച്ച് ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. നോവലിസ്റ്റിനു ശൈലി വേണം. പ്രമേയോജിതമായ ശൈലി നോവലിസ്റ്റ് വാർത്തെടുക്കുകയാണ് ചെയ്യുന്നത്.

നോവൽ ഒരു കലാശില്പമാണ്. ഈ ശൈലി ഞാൻ ബോധപൂർവ്വം സൃഷ്ടിച്ചതാണ്. അതിനുവേണ്ടി പ്ലേറ്റോയുടെ ഡയലോഗ് ഞാൻ എത്രതവണ വായിച്ചു. ബൈബിൾ എത്ര തവണ വായിച്ചു. ലോകത്തിന്റെ പ്രധാന ക്ലാസിക് പലതവണ വായിച്ചു. അതിൽ നിന്നും വാറ്റിയെടുത്ത ഒരു ശൈലിയാണ് ഇതിനകത്ത് പ്രയോഗിച്ചിരിക്കുന്നത്. പിൽക്കാല വിമർശകന്മാർ ഒക്കെയും സ്റ്റെന്താലിന്റെ ഏറ്റവും വലിയ ഗുണമായി പറയുന്നത് അദ്ദേഹത്തിന്റെ ശൈലിയാണ്. ഏതു കൃതിക്കും അതിനാവശ്യമായ ഭാവങ്ങൾ പ്രദാനം ചെയ്യുന്നത്. ആ അർത്ഥത്തിൽ ശൈലി ബോധപൂർവ്വം നിർവ്വഹിച്ച രണ്ടുപേരാണ് മീരയും സുഭാഷ് ചന്ദ്രനും. അവരാണ് പോയവർഷവും ഈ വർഷവും വയലാർ അവാർഡിന് അർഹരായിട്ടുള്ളതെന്നു പറയുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. രണ്ടാമത്തെ കാര്യം രണ്ടുപേരും ചെറുപ്പക്കാരാണ്. ഏറ്റവും ചെറുപ്പം കെ.ആർ.മീരയായിരുന്നു. അതിലും ചെറുപ്പമാണ് സുഭാഷ് ചന്ദ്രൻ. അതിൽ വാർദ്ധക്യത്തിന്റെ അങ്ങേയറ്റത്ത് എത്തിച്ചേർന്ന ഞങ്ങൾ വളരെയധികം സന്തോഷിക്കുന്നു. കാരണം ചെറുപ്പക്കാരാണ് ഭാവിയെ നിശ്ചയിക്കേണ്ടത്. അവരിലൂടെയാണ് നമ്മുടെ സാംസ്കാരിക രംഗത്തിന് ഉത്തേജനവും ഉയിർത്തെഴുന്നേല്പും ഉണ്ടാകേണ്ടത്. അതിനുള്ള പ്രത്യാശ കാണാതിരുന്ന ഘട്ടത്തിലാണ് കെ.ആർ.മീരയും സുഭാഷ് ചന്ദ്രനും വന്നുചേരുന്നത്.

റോമേൻ റോളണ്ട് പറഞ്ഞ ഒരു വാക്യമേ എനിക്കു പറയാനുള്ളു. 'നിങ്ങൾ എഴുതുന്നതിനോട്, നിങ്ങളുടെ വീക്ഷണത്തോട് ഒരു പക്ഷെ നിങ്ങളുടെ ചക്രവാളവീക്ഷണത്തിനപ്പുറത്താണെന്ന ലക്ഷ്യത്തോടെ യോജിക്കാൻ കഴിഞ്ഞില്ല എന്നു വരാം. എങ്കിലും നിങ്ങൾ സാഹസികമായി നിങ്ങളുടെ ദർശനങ്ങളാൽ പ്രേരിതരായും മുന്നോട്ടു പോകുക. ആ നിങ്ങളുടെ നീക്കത്തിൽ ഞങ്ങളുടെ ശവശരീരത്തിൽപോലും ചവുട്ടിക്കയറാനുള്ള പടവുകളായിത്തീരട്ടെ എന്നാശംസിക്കുന്നു.' ആ ആശംസ റോമേൻ റോളണ്ടിൽനിന്ന് കടം വാങ്ങിച്ചുകൊണ്ട് ഈ ഘട്ടത്തിൽ സുഭാഷ് ചന്ദ്രനും അദ്ദേഹത്തിന്റെ തലമുറയ്ക്കുമായി ഈ അവാർഡ് സമർപ്പിക്കുന്നു.

(വയലാൽ രാമവർമ്മ പുരസ്കാരസമർപ്പണ ചടങ്ങിൽ നടത്തിയ അനുസ്മരണപ്രഭാഷണത്തിനുള്ള ഒരു ഭാഗം - *പ്രശസ്തരുടെ പ്രഭാഷണങ്ങൾ* എന്ന കൃതിയിലേക്ക്. **ജോർജ് തഴക്കര**)

# വി.പി.മേനോനും ഇന്ത്യയുടെ ഏകീകരണവും






■ ഡോ.ജോയ് വാഴയിൽ

**വാ**പാല പങ്കുണ്ണിമേനോൻ (വി.പി.മേനോൻ) സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യയിലെ അവസാനത്തെ മൂന്നു വൈസ്രോയിമാരുടെ ഭരണഘടനാ ഉപദേഷ്ടാവായിരുന്നു. മൗണ്ട് ബാറ്റൻ പ്രഭുവിന്റെ അടുത്ത വൃത്തത്തിലുള്ള ഒരേയൊരു ഇന്ത്യക്കാരൻ വി.പി. മേനോൻ ആയിരുന്നു. ഇന്ത്യയെ രണ്ടു ഡൊമിനിയനുകളായി വിഭജിച്ച് സ്വാതന്ത്ര്യം നൽകുവാനുള്ള മേനോന്റെ പ്ലാൻ അവസാനം അംഗീകരിക്കപ്പെടുകയാണുണ്ടായത്. സ്വാതന്ത്ര്യത്തിനുമുമ്പ് നാട്ടുരാജ്യങ്ങളെ ഭാരതത്തിൽ ചേർക്കേണ്ടതിന്റെ ആവശ്യകത നല്ലവണ്ണം മനസ്സിലാക്കിയ പട്ടേലും മേനോനും ചേർന്നാണ് ഭാരതത്തിന്റെ ഏകീകരണം സാധ്യമാക്കിയത്.

മേനോൻ രചിച്ച ഇന്ത്യയിലെ അധികാരകൈമാറ്റം (The Transfer of Power in India), ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ഏകീകരണം (Integration of the Indian States) എന്നീ രണ്ടു പുസ്തകങ്ങൾ ചരിത്രത്തിന്റെ മാസ്റ്റർ പീസുകളാണ്. അവ കൂടാതെ, മേനോൻ എഴുതിയ ഭാരതീയ ഭരണഘടനാചരിത്രത്തിന്റെ അവലോകനം (An Outline of Indian Constitutional History ) എന്ന ലഘുകൃതിയിലാണ് ഭാരതത്തിന്റെ പിറവിയിൽ പ്രധാന പങ്കു വഹിച്ച നേതാക്കന്മാരെക്കുറിച്ചുള്ള തുറന്ന നിരീക്ഷണങ്ങൾ അദ്ദേഹം നടത്തിയിട്ടുള്ളത്. ഈ പുസ്തകത്തെപ്പറ്റി ഡോ.എം.വി പൈലി അഭിപ്രായമെഴുതിയിട്ടുള്ളത് ഇങ്ങനെയാണ്: 'ഭരണരംഗത്തെ നാടകത്തിലെ പ്രധാന ദൃശ്യങ്ങളിൽ വി.പി. മേനോൻ വെറുമൊരു കാഴ്ചക്കാരനോ, സാക്ഷിയോ ആയിരുന്നില്ല. അദ്ദേഹം ആ വിഷയങ്ങളിൽ താല്പര്യമുള്ള ഒരു പണ്ഡിതൻ മാത്രവുമായിരുന്നില്ല. അദ്ദേഹം അതിലെ ഒരു പ്രധാന നടനായിരുന്നു. കൂടുതൽ ശരിയായി പറഞ്ഞാൽ ഗ്രീൻ റൂമിൽ പ്രധാനപ്പെട്ട പണിയുണ്ടായിരുന്ന വ്യക്തി. സ്വാഭാവികമായും അദ്ദേഹത്തിന്റെ വിവരണം ആധികാരികവും അങ്ങേയറ്റം ആകർഷകവുമാണ്.'

അന്യാദൃശമായ ഒരു വ്യക്തിത്വമായിരുന്നു വി.പി. മേനോന് ഉണ്ടായിരുന്നത്. കേരളത്തിലെ ഗ്രാമീണ കുടുംബത്തിൽ പിറന്ന് മിഡിൽ സ്കൂൾ വിദ്യാഭ്യാസം മാത്രം സിദ്ധിച്ച വി.പി.മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ അത്യുന്നത തലങ്ങളിലെത്തിച്ചേർന്നത് തികച്ചും വിസ്മയകരമായ കഥയാണ്. 1894 സെപ്റ്റംബർ 30ന് ഒറ്റപ്പാലത്തെ ഒരു കർഷകകുടുംബത്തിലാണ് വി.പി.മേനോന്റെ ജനനം. എട്ടാം ക്ലാസു കഴിഞ്ഞപ്പോൾ സ്വന്തം സാഹസികത കൊണ്ട് നാടുവിട്ട വി.പി.മേനോൻ കുറെക്കാലം മൈസൂർ രാജ്യത്തെ സ്വർണ്ണഖനികളിൽ തൊഴിലാളിയായി പണിയെടുത്തു. തുടർന്ന് അദ്ദേഹം ഒരു സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി. അവിടെനിന്ന് മേനോൻ ഡൽഹിയിലെത്തി. അന്നു ഇന്ത്യാ ഗവൺമെന്റിന്റെ വേനൽക്കാലത്തെ ആസ്ഥാനം സിംലയാണ്. അവിടെയെത്തിയാൽ എന്തെങ്കിലും ചെറിയ ജോലി തരപ്പെട്ടേക്കുമെന്ന പ്രതീക്ഷയിൽ ഡൽഹി റയിൽവേ സ്റ്റേഷനിലെത്തിയ മേനോൻ തന്റെ കയ്യിൽ വഴിച്ചെലവിനുണ്ടായിരുന്ന പണമത്രയും മോഷ്ടിക്കപ്പെട്ടതറിഞ്ഞു നിരാശിതനായി. അവിടെ കണ്ടുമുട്ടിയ ഒരു വയോധികനായ സർദാർജിയോട് സിംലയിലെത്താൻ ആവശ്യമായ പതിനഞ്ചുരൂപ അദ്ദേഹം കടം ചോദിച്ചു. സർദ്ദാർജി പണം നൽകി. അപ്പോൾ, അതു തിരിച്ചുനൽകുന്നതിനുവേണ്ടി മേനോൻ അദ്ദേഹത്തിന്റെ മേൽവിലാസം ആവശ്യപ്പെട്ടു. എന്നാൽ ആ കടം തനിക്കല്ല, ജീവിതത്തിൽ വിഷമം അനുഭവിക്കുന്ന ഏതെങ്കിലും അപരിചിതനു നൽകിക്കൊണ്ടാണ് വീട്ടേണ്ടതെന്നു പറഞ്ഞാണ് സർദാർജി മേനോനെ യാത്രയാക്കിയത്. ജീവിതം മുഴുവൻ അതു പാലിച്ച മേനോൻ മരണക്കിടക്കയിലും ആ കടം മറന്നില്ല. അപ്പോൾ വീട്ടിലെത്തിയ ഒരു യാചകനു ചെരുപ്പു വാങ്ങാൻ പതിനഞ്ചു രൂപ നല്കിയതാണ് വി.പി.മേനോന്റെ ബോധപൂർവ്വമായ അവസാനപ്രവൃത്തി.

സിംലയിലെത്തിയ വി.പി. മേനോൻ ഇന്ത്യാ ഗവൺമെന്റിന്റെ റിഫോംസ് വകുപ്പിൽ ഒരു അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. അനന്യമായ മേധാശക്തികൊണ്ടും കഠിനപരിശ്രമം കൊണ്ടും അവിടെ നിന്ന് പടിപടിയായി ഉയർന്ന് അദ്ദേഹം റിഫോംസ് കമ്മീഷണർ തസ്തികയിലെത്തി. അങ്ങനെ അദ്ദേഹം ഇന്ത്യാ ഗവൺമെന്റ് സർവീസിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായി. ഇന്ത്യൻ ഭരണസംവിധാനത്തെ സംബന്ധിച്ചിടത്തോളം ഒരു സർവ്വവിജ്ഞാനകോശമായിരുന്നു അദ്ദേഹം. ലണ്ടനിൽ വച്ചുനടന്ന വട്ടമേശ സമ്മേളനങ്ങളിലെല്ലാം അദ്ദേഹം പങ്കെടുക്കുകയുണ്ടായി.

സ്വാതന്ത്ര്യത്തിനുശേഷം വിരമിക്കുവാൻ മേനോൻ തീരുമാനിച്ചെങ്കിലും സർദാർ പട്ടേലിന്റെ നിർബന്ധത്താൽ സ്റ്റേറ്റ് മന്ത്രാലയ സെക്രട്ടറിയായി വി.പി.മേനോൻ സ്ഥാനമേറ്റു. ഇന്ത്യയുടെ മൂന്നിൽ രണ്ടു ഭാഗത്തോളമുണ്ടായിരുന്ന 564 നട്ടുരാജ്യങ്ങളെ സ്വാതന്ത്ര്യത്തിനുശേഷം വെറും രണ്ടു വർഷങ്ങൾക്കുള്ളിൽ ഏകോപിപ്പിച്ച് ഇന്ത്യയെ മഹത്തായ രാഷ്ട്രമാക്കി മാറ്റിയത് സർദാർ പട്ടേലും വി.പി.മേനോനും ചേർന്ന് നടത്തിയ ഒരു അദ്ഭുതകർമ്മം തന്നെയായിരുന്നു. പട്ടേലുമായുണ്ടായിരുന്ന ബന്ധം വി.പി.മേനോന്റെ വാക്കുകളിൽ: 'കാര്യങ്ങൾ എളുപ്പം നടത്തിയെടുക്കുന്നതിൽ സർദാറിന് അസാമാന്യമായ കഴിവുണ്ടായിരുന്നു. അങ്ങനെ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും ഒറ്റ ടീമായി പ്രവർത്തിച്ചുതുടങ്ങി. നയം തീരുമാനിച്ചുകഴിഞ്ഞാൽ സർദാർ അതിന്റെ നിർവ്വഹണത്തിൽ അനാവശ്യമായി ഇടപെട്ടിരുന്നില്ല. അദ്ദേഹത്തെ നിശ്ചിതലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള ഡ്രൈവറെപ്പോലെയായിരുന്നു ഞാൻ. അദ്ദേഹമാകട്ടെ, ബാക്സീറ്റ് ഡ്രൈവിംഗ് നടത്താതെ, എന്നെ പൂർണ്ണമായി വിശ്വസിച്ചു. ഞാൻ അദ്ദേഹത്തെ രാവിലെയും വൈകുന്നേരവും വിവരങ്ങളറിയിച്ചിരുന്നു. പ്രധാന തീരുമാനങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ഉപദേശം തേടുകയും ചെയ്തിരുന്നു. മറ്റെല്ലാം അദ്ദേഹം എനിക്കു വിട്ടുതരികയും ചെയ്തു.'



*വി.പി.മേനോൻ ഗ്വാളിയർ മഹാരാജവുമൊത്ത് ഇന്ത്യയുമായി ചേരുന്ന ഉടമ്പടി ഒപ്പുവെച്ചപ്പോൾ*

564 നാട്ടുരാജ്യങ്ങളെ ഏകീകരിക്കുന്നത് തീരെ എളുപ്പമായിരുന്നില്ല. ഹൈദരബാദിലേക്ക് പട്ടാളത്തെത്തന്നെ അയയ്ക്കേണ്ടി വന്നു. നൈസാമിനെക്കൊണ്ട് സമ്മതിപ്പിക്കുവാൻ. അന്നത്തെ ഇന്ത്യൻ ആർമിയുടെ കമാൻഡർ-ഇൻ-ചീഫായിരുന്ന ബ്രിട്ടീഷുകാരൻ ബുഷർ ഈ സൈനിക നടപടിയുടെ വിവരം രഹസ്യമായി പാക്കിസ്ഥാൻ കമാൻഡർ ഇൻ ചീഫായിരുന്ന ബ്രിട്ടീഷുകാരനു ചോർത്തിക്കൊടുക്കുകയും പാകിസ്ഥാന്റെ നടപടി സ്വാഗതം ചെയ്യുകയും ചെയ്തു. എന്നാൽ വി.പി.മേനോൻ ഈ വിവരം ഫോൺ ടാപ്പിംഗിലൂടെ കണ്ടുപിടിച്ചു. ആ ടെലിഫോൺ സംഭാഷണത്തിന്റെ കോപ്പിയുമായി ബുഷറെ നേരിട്ട മേനോൻ മിനിറ്റുകൾക്കുള്ളിൽ അയാളുടെ രാജി എഴുതിവാങ്ങുകയും ജനറൽ കരിയപ്പ തൽസ്ഥാനത്ത് അവരോധിക്കപ്പെടുകയും ചെയ്തു. മേനോന്റെ സമയോചിതമായ ഈ ഇടപെടൽ മൂലമാണ് ആ സൈനിക നടപടി വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞത്. ജോധ്പൂർ മഹാരാജാവ് പാക്കിസ്ഥാനിൽ ചേരുമെന്ന് ഭീഷണിപ്പെടുത്തി. മാത്രമല്ല, മേനോനെ വെടിവയ്ക്കുവാൻ തോക്കു ചൂണ്ടുകവരെ ചെയ്തു. വളരെ ധൈര്യവും മനഃസ്ഥൈര്യവും ഉണ്ടായിരുന്ന വി.പി.മേനോൻ പക്ഷേ, അത്തരം ഭീഷണികളിലൊന്നും പതറാതെ, പട്ടേൽ തന്നെ ഏല്പിച്ച ജോലി സ്തുത്യർഹമായ വിധത്തിൽ പൂർത്തിയാക്കുക തന്നെ ചെയ്തു.

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായിരുന്ന മൗണ്ട് ബാറ്റൻ പ്രഭു വി.പി.മേനോനെപ്പറ്റി പറഞ്ഞത് ഇങ്ങനെയാണ് 'എത്ര ഇന്ത്യക്കാർക്ക്, പ്രത്യേകിച്ച് പുതിയ തലമുറയിലുള്ളവർക്ക്, വി.പി.മേനോനോട് അവർക്കുള്ള കടപ്പാടിനെപ്പറ്റി ധാരണയുണ്ട് എന്ന് എനിക്കറിഞ്ഞുകൂടാ. എന്താണ് അദ്ദേഹത്തെ ഇത്രയും വലിയ മനുഷ്യനാക്കിയത്. ആദ്യത്തേത്, മൂപ്പതു രൂപ ശമ്പളമുള്ള ഒരു ക്ലാർക്കുപണിയിൽ നിന്ന് ഇന്ത്യാഗവൺമെന്റിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായി ഉയരുവാൻ അദ്ദേഹത്തെ സഹായിച്ച സ്വഭാവവിശേഷങ്ങൾ. രണ്ടാമത്തേത് അദ്ദേഹത്തിന്റെ ധിഷണ-യുക്തിസഹമായ വിശകലനവും നിഗമനങ്ങളുമൊത്തിണങ്ങിയ ഒന്നാംകിട മസ്തിഷ്കശേഷിയോടൊപ്പം ഭാവികൃത്യമായി നിരീക്ഷിക്കുവാൻ കഴിയുന്ന, കാണുന്ന കണ്ണ് എന്നു ഞാൻ വിശേഷിപ്പിക്കുന്ന അപൂർവ്വമായ കഴിവ്. മൂന്നാമത്തേത് അദ്ദേഹത്തിന്റെ കായികശേഷി; പല മണിക്കൂറുകൾ തുടർച്ചായി ജോലി ചെയ്യുവാനുള്ള ശാരീരികശേഷിയോടൊപ്പം ആഹ്ലാദപൂർണ്ണമായ മനോഭാവവും ആകർഷകമായ നർമരസികത്വവും.'



ഇന്ത്യക്കു സ്വാതന്ത്ര്യം നല്കുന്നതിനുള്ള പ്ലാൻ മേനോൻ തയ്യാറാക്കിയത് സിംലയിൽവെച്ചാണ്. നെഹ്റുവും മൗണ്ട്ബാറ്റനും അന്ന് അവിടെ ഉണ്ടായിരുന്നു. മേനോൻ തന്റെ പ്ലാൻ ആദ്യം പട്ടേലുമായി ചർച്ച ചെയ്തു. നെഹ്റുവിന്റെ ആവശ്യപ്രകാരം വെറും മൂന്നു മണിക്കൂറുകൾ കൊണ്ടാണ് മേനോൻ അത് സ്വയം ടൈപ്പു ചെയ്തു നൽകിയത്.

നാട്ടുരാജ്യങ്ങളെയെല്ലാം സമാധാനപരമായി ഇന്ത്യൻ യൂണിയനോടു ചേർത്തതടക്കമുള്ള നേട്ടങ്ങൾക്ക് മേനോന് അർഹമായ അംഗീകാരം ലഭിച്ചതേയില്ല. സ്വാതന്ത്ര്യസമര സേനാനിയല്ലായിരുന്നുവെങ്കിലും അദ്ദേഹത്തിലൂടെയാണ് വിധി ജനാധിപത്യഭാരതത്തിന്റെ സ്വാതന്ത്ര്യം പ്രായോഗികമാക്കിത്തീർത്തത്. ഡൽഹിയിലെ കേരള ക്ലബിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന അദ്ദേഹത്തിന്റെ ഡൽഹിയിലേക്കുള്ള വരവിന്റെ (1914) നൂറാം വാർഷികം കേരളാ ക്ലബ് അടുത്തയിടെ സമുചിതമായി ആഘോഷിക്കുകയുണ്ടായി.



സ്മരണ ജനുവരി 15

# മാള

## വീണുടഞ്ഞ ചിരിച്ചെപ്പ്



ജോർജ് തഴക്കര

രണ്ടാം ഭാഗം

**ക**ഷ്ടിച്ചു ജീവിച്ചുപോകുവാൻ നാടകം മാള അരവിന്ദനെ സഹായിച്ചു.

അങ്ങനെയിരിക്കുമ്പോൾ അരവിന്ദന് ഒരു ട്രെലിഗ്രാം ലഭിച്ചു. 'സ്റ്റാർട്ട് ഇമ്മിഡിയേറ്റിലി ടുഡേ..'

അരവിന്ദൻ അന്നുതന്നെ മറുപടി നൽകി; 'സെന്റ് എപ്ലെയിൻ ഇമ്മിഡിയേറ്റിലി...' മറുപടി ശ്രീമൂലം വിജയനെ രസിപ്പിച്ചു. 'സിനിമയിൽ ഒരു റോളുണ്ട്. താല്പര്യമുണ്ടെങ്കിൽ ഉടൻ വരണമെന്ന് പിന്നീട് ഫോൺ വന്നു.

'ഗ്രീഷ്മം' എന്ന നാടകത്തിന്റെ സിനിമാരൂപമായിരുന്നു 'മധുരിക്കുന്ന രാത്രികൾ'. അരവിന്ദന്റെ രണ്ടാമത്തെ ചിത്രം. കുട്ടൻപിള്ള എന്ന പൊലീസുകാരന്റെ റോൾ. മുഴുനീള ഹാസ്യചിത്രമായിരുന്നു അത്. കഥാപാത്രത്തിനു ജീവൻ നൽകിയ സിനിമയായിരുന്നു അത്. ദ്രാരിദ്യം നിറഞ്ഞ അന്തരീക്ഷത്തിലും പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടായിരുന്നിട്ടും മക്കളോടൊപ്പം സന്തോഷിക്കുന്ന ഒരു കുടുംബനാഥൻ.

തോക്കുകൾ കഥ പറയുന്നു, വെളുത്ത കത്രീന, മധുവിധു, ഓളവും തീരവും എന്നീ ചിത്രങ്ങൾക്കു ശേഷം ഏതാണ്ട് അഞ്ചുവർഷത്തോളം സിനിമയില്ലാതെ അരവിന്ദൻ വിഷമാവസ്ഥയിലായി. കുട്ടികളും പ്രാരാബ്ധങ്ങളുമായ ജീവിതാന്തരീക്ഷം.

നാടകാഭിനയം തുടർന്നുകൊണ്ടേയിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ മലയാളി സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ നാടകങ്ങൾ കേരളത്തിനു പുറത്ത് അരങ്ങേറി. നോർത്ത് ഇന്ത്യൻ ടൂറിന്റെ ഭാഗമായി ബോംബെ, ഹൈദ്രബാദ് എന്നിവിടങ്ങളിൽ നാടകം അവതരിപ്പിച്ചു.

'താറാവ്' എന്ന ചിത്രത്തിലെ അഭിനയത്തോടെയാണ് മാള അരവിന്ദൻ എന്ന സിനിമാ നടൻ ഉണ്ടാകുന്നത്. അതിലെ പൊട്ടൻ കഥാപാത്രം പ്രേക്ഷകമനസ്സിൽ സങ്കടവും സന്തോഷവും നിറച്ചു. 'അമ്മ പറഞ്ഞു മൂന്നു രൂപ തരാൻ, ഇല്ലെങ്കിൽ അഞ്ചു രൂപ തരാൻ പറഞ്ഞു'. വൈകല്യമുള്ള ശരീരഭാഷയ്ക്കൊപ്പം ഇണക്കിച്ചേർത്തുള്ള ഇത്തരം ഡയലോഗുകൾ അക്കാലത്തെ സിനിമയിൽ പുതുമ നിറച്ചു.

സിനിമയിൽ നിന്നും കിട്ടുന്ന പ്രതിഫലം ലുബ്ധന്റെ മാനസികാവസ്ഥയിൽ സൂക്ഷിച്ചു. ഇനിയൊരു പടം കിട്ടുമോ എന്നറിയാതെ മാനസികമായി തളർന്ന നാളുകൾ. ലോക്കേഷനുകളിലെ വിഭവസമൃദ്ധമായ ആഹാരത്തിനു മുന്നിലിരിക്കുമ്പോൾ അരവിന്ദന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. വീട്ടിൽ കഞ്ഞിക്കു മുന്നിലിരിക്കുന്ന ഭാര്യയേയും കുട്ടികളേയും കുറിച്ച് ഓർമ്മിക്കും.

എൺപതുകളിൽ അരവിന്ദൻ മലയാള സിനിമയുടെ അവിഭാജ്യഘടകമായി. മാള അരവിന്ദന്റെ കാലമായിരുന്നു അത്. ഏദൻതോട്ടം, തളിരിട്ട കിനാക്കൾ, ഡാലിയാ പൂക്കൾ, ഒരു വിളിപ്പാടകലെ, സ്ഫോടനം തുടങ്ങി ഒട്ടേറെ ചിത്രങ്ങളിൽ അരവിന്ദൻ വേഷമിട്ടു. ലോ ബഡ്ജറ്റ് ചിത്രങ്ങൾ മാളയെ കേന്ദ്രീകരിച്ച് ധാരാളമുണ്ടായി. പ്രത്യേകതകളൊന്നുമില്ലെങ്കിലും മാള അരവിന്ദൻ സിനിമയുടെ ഭാഗമായി. സത്യനും പ്രേംനസീറും നായകവേഷത്തിൽ പരിലസിച്ചപ്പോൾ മേമ്പൊടി പോലെ മാള അരവിന്ദന്റെ ഹാസ്യം അനിവാര്യമായിരുന്നു. ഒരു ദിവസം നാലു ചിത്രങ്ങളുടെ ലോക്കേഷനുകളിൽ മാറിമാറി അഭിനയിച്ചു. ചില ലോക്കേഷനുകൾ മാളയുടെ വരവിനായി കാത്തു. ഒരു വർഷം നാല്പത്തിമൂന്നു ചിത്രങ്ങളിൽ വരെ അഭിനയിച്ച ചരിത്രം മാളയ്ക്കവകാശപ്പെട്ടതാണ്. ഇതിനോടു തുലനം ചെയ്യുവാൻ കഴിഞ്ഞിരുന്നത് സുകുമാരിക്കും ശങ്കരാടിക്കും മാത്രമായിരുന്നു.

'ടിറ്റ് ഫോർ ടാറ്റ്' എന്ന സിനിമയിൽ മാള അരവിന്ദൻ മൂന്നു വേഷങ്ങളിലാണ് അഭിനയിച്ചത്. 'ആളൊരുങ്ങി അരങ്ങൊരുങ്ങി' എന്ന ചിത്രത്തിൽ ഡബിൾ റോളിൽ അഭിനയിച്ചു.

തിലകൻ, പി.ജെ.ആന്റണി, മുരളി എന്നിവർക്കൊപ്പം മാള അരവിന്ദൻ പിടിച്ചുനിന്നു. 'കഞ്ഞിയാണ്' എന്ന് തിലകൻ കഞ്ഞികുടിച്ചുകൊണ്ടിരുന്ന മാളയോടു പറയുമ്പോൾ 'ഞാൻ മാത്രം ചോറായിട്ടെന്തുകാര്യം' എന്നു മറുപടി നൽകുന്ന തരത്തിലുള്ള മാളയുടെ ലൊക്കേഷൻ ഫലിതങ്ങൾ പ്രസിദ്ധമാണ്.

ധാരാളം സിനിമയിൽ അഭിനയിച്ചുവെങ്കിലും വേണ്ടത്ര പ്രതിഫലം പലപ്പോഴും മാളയ്ക്ക് ലഭിച്ചിരുന്നില്ല. നിർമ്മാതാവിന്റെ വിഷമാവസ്ഥ മനസ്സിലാക്കി പല ചെക്കുകളും മടക്കി നൽകിയിരുന്നു. മറ്റു ചില നടന്മാർ പണത്തിനുവേണ്ടി വാശിപിടിച്ചു അഭിനയിക്കാതെ നിന്നപ്പോൾ പടം മുടങ്ങാതിരിക്കുവാൻ മാള തന്റെ കൈവശമുണ്ടായിരുന്ന പണം നിർമ്മാതാവിനു നൽകിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. വണ്ടിച്ചെക്കുകളുടെ എണ്ണം കൂടിവന്നപ്പോൾ ചിലരൊക്കെ തന്നെ ബോധപൂർവ്വം കബളിപ്പിക്കുകയാണോ എന്ന ചിന്തയുണ്ടായ സന്ദർഭത്തിൽ കിട്ടാനുള്ള പണത്തിനുവേണ്ടി നിർമ്മാതാവിനോട് വഴക്കടിച്ച കഥയും മാളയ്ക്കു പറയാനുണ്ട്. മുപ്പതിനായിരം രൂപ നൽകാനുണ്ടായിരുന്ന ഒരു നിർമ്മാതാവിനെ റെയിൽവേ സ്റ്റേഷനിൽ വെച്ച് കണ്ടപ്പോൾ 'എന്റെ കടയിൽനിന്നും അതിനുള്ള ഓട്ടുവിളക്ക് എടുത്തോളൂ' എന്ന പറഞ്ഞ സന്ദർഭത്തിൽ 'തന്റെ ഓട്ടുവിളക്കിനുവേണ്ടിയല്ല അഭിനയിച്ചതെന്നു' പറഞ്ഞുകൊണ്ട് അയാളെ കൈയ്യേറ്റം ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്.

വാണക്കുറ്റി, സദാനന്ദൻ, പപ്പു, ജഗതി, ശങ്കരാടി, അടൂർ ഭാസി, ഒടുവിൽ ഉണ്ണിക്കൃഷ്ണൻ, ഇന്നസെന്റ് തുടങ്ങി വെഞ്ഞാറുംമൂട് സുരാജ് വരെയുള്ള ഹാസ്യതാരങ്ങളോടൊപ്പം അഭിനയിക്കുവാൻ മാളയ്ക്ക് കഴിഞ്ഞു. സത്യൻ, നസീർ; മമ്മൂട്ടി, മോഹൻലാൽ; ജയറാം, മുകേഷ്; ദിലീപ്, പൃഥിരാജ് തുടങ്ങി നാലു തലമുറകളിലെ താരപരിവേഷങ്ങളുടെ നിരയിലെ പ്രധാന കണ്ണിയായി മാറുവാൻ മാളയ്ക്കു കഴിഞ്ഞു. ഇതൊന്നും തന്റെ കഴിവല്ലായെന്നും ഈശ്വരൻ നൽകിയ ഭാഗ്യമാണെന്നും മാള വിചാരിച്ചു. രണ്ടായിരത്തിനുശേഷമുള്ള എല്ലാ വർഷങ്ങളിലും മാള അഭിനയിച്ചുവെങ്കിലും ചിത്രങ്ങളുടെ എണ്ണം നാമമാത്രമായിരുന്നു. കാലം മാറിയതും കഥ മാറിയതുമായ അനുഭവങ്ങൾ ഉൾക്കൊള്ളുവാൻ മാളയും തയ്യാറായി. തന്റേതുമാത്രമായ ചില ഭാവചലനങ്ങളെ അതേപടി തുടരുവാൻ മാളയുടെ പ്രായം അനുവദിച്ചില്ല.

താരസംഘടനയായ അമ്മയുമായി കൊമ്പുകോർക്കാനും മാള മടിച്ചില്ല. വിനയന്റെ പടത്തിനുവേണ്ടി അഡ്വാൻസ് മേടിച്ചുകഴിഞ്ഞപ്പോഴാണ് അതിൽ അഭിനയിക്കാൻ പാടില്ലായെന്ന് അമ്മ വിലക്കുന്നത്. അഡ്വാൻസ് മേടിച്ചത് തിരിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ തനിക്ക് ഒറ്റതന്തയെയുള്ളുവെന്ന മറുപടിയോടുകൂടി ആ ചിത്രത്തിൽ അഭിനയിച്ചു. 'സിനിമയിൽ നിന്നും പുറത്താക്കിയാൽ സീരിയലിൽ അഭിനയിക്കുമെന്നും, അവിടെ നിന്നും പുറത്താക്കിയാൽ നാടകത്തിൽ അഭിനയിക്കുമെന്നും, അതിനും കഴിയാതെ വന്നാൽ ഭാര്യയുടെ സാരി കൂട്ടിക്കെട്ടി തെരുവിൽ അഭിനയിച്ചു ജീവിക്കുമെന്നും' മാള പറഞ്ഞു. അതൊരു വെല്ലുവിളിയായിരുന്നില്ല. അത് ഒരു നടന്റെ വ്യക്തിസ്വാതന്ത്ര്യം കൂടിയായിരുന്നു. അതിന്റെ പേരിൽ നാലഞ്ചു പടങ്ങൾ മാളയ്ക്കു നഷ്ടമായി. എല്ലാവരേക്കുറിച്ചും നന്മ മാത്രം പറയുന്ന മാള ഒടുവിൽ അമ്മയുമായി രമ്യപ്പെട്ടു. പിന്നീട് അമ്മയുടെ പ്രസിഡന്റായും പ്രവർത്തിക്കുവാൻ മാളയ്ക്കു കഴിഞ്ഞു.

കടന്നുവന്ന വഴികളെക്കുറിച്ച് മറന്നില്ലായെന്നുമാത്രമല്ല, അത് ഒപ്പമുള്ളവരോടു പറയുന്നതിലും സന്തോഷം കണ്ടെത്തി. 'പഴയ കാലഘട്ടത്തിലെ ദുരിതങ്ങളെക്കുറിച്ച് ആലോചിച്ച് അതയവിറക്കുന്നതാണ് എന്റെ ഇപ്പോഴത്തെ സുഖ'മെന്നാണ് പല അഭിമുഖങ്ങളിലും മാള പറഞ്ഞത്.

> സിനിമയിൽ നിന്നും കിട്ടുന്ന പ്രതിഫലം ലുബ്ധന്റെ മാനസികാവസ്ഥയിൽ സൂ ക്ഷിച്ചു. ഇനിയൊരു പടം കിട്ടുമോ എന്നറിയാതെ മാനസികമായി തളർന്ന നാളുകൾ. ലോക്കേഷനുകളിലെ വിഭവസമൃദ്ധമായ ആഹാരത്തിനു മുന്നിലിരിക്കുമ്പോൾ അരവിന്ദന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. വീട്ടിൽ കഞ്ഞിക്കു മുന്നിലിരിക്കുന്ന ഭാര്യയേയും കുട്ടികളേയും കുറിച്ച് ഓർമ്മിക്കും.

ശബ്ദവ്യത്യാസം കൊണ്ടും ഭാവവ്യത്യാസം കൊണ്ടും മാള സിനിമയിൽ പിടിച്ചു നിന്നു. അടൂർ ഭാസി, പട്ടം സദൻ, ബഹദൂർ എന്നിവർ മലയാള സിനിമയിലെ ഹാസ്യരംഗങ്ങളിൽ നിറഞ്ഞുനിന്ന കാലത്താണ് മാള അരവിന്ദൻ സിനിമയിൽ സജ്ജീവമാകുന്നത്. ശുദ്ധ ഹാസ്യം മാളയുടെ പ്രത്യേകതയായിരുന്നു. താളബോധമുള്ള നടന്റെ അംഗചലനങ്ങൾ അതുവരെ മലയാളസിനിമയിൽ നിന്നും വേറിട്ടു നിന്നു. നീട്ടിയും കുറുക്കിയും ചിരിചേർത്തുവിളക്കിയ സംഭാഷണ ശൈലിയും പ്രത്യേകതകൾ നിറഞ്ഞതായിരുന്നു.

'കണ്ടു കണ്ടറിഞ്ഞു' എന്ന സിനിമയിൽ മോഹൻ ലാലുമായി ചേർന്ന് 'നീയറിഞ്ഞോ മേലേ മാനത്ത്, ആയിരം ഷാപ്പുകൾ ... ' എന്ന പാട്ടു പാടി അതിൽ അഭിനയിച്ചു.

എൺപതുകളിലെ വാണിജ്യസിനിമകളെ നിലനിർത്തിയ ഘടകമായിരുന്നു പപ്പു, മാള, ജഗതി കൂട്ടുകെട്ട്. പ്രത്യേക ലോജിക്കൊന്നുമില്ലായെങ്കിലും ഈ മൂവർസംഘം ഒട്ടേറെ സിനിമകളെ പിടിച്ചു നിർത്തി. ഇവരുടെ പേരിൽ തന്നെ ഒരു സിനിമ ഇറങ്ങുകയുണ്ടായി. മലയാള സിനിമയുടെ ചരിത്രത്തിൽ ഇതാദ്യമാണ്. പിന്നീടൊന്ന് ഉണ്ടായിട്ടുമില്ല. 'ലൂസ്, ലൂസ് മുഴുപ്പിരി ലൂസ്' എന്ന പേരിലും ഇവർ കോമാളിവേഷം കെട്ടിയാടി. ഒരു തലമുറയുടെ സ്വാതന്ത്ര്യമായിരുന്നു ഇവരിലൂടെ വെളിപ്പെട്ടത്.

കാജാ ബീഡി കമ്പനിക്കുവേണ്ടി ഒരു ക്യാപ്ഷൻ എഴുതി അവതരിപ്പിക്കുകയുണ്ടായി. 'അന്യന്റെ സുഖത്തിലും ദുഃഖത്തിലും ...' അതിന് പതിനായിരം രൂപ പ്രതിഫലം പറ്റുകയും ചെയ്തു.

ഗോഷ്ടികളും ചേഷ്ടകളും കാട്ടി ഒരുപാടു സിനിമകളിൽ മാള അഭിനയിച്ചു. എല്ലാം ടൈപ്പ് കഥാപാത്രങ്ങളായിരുന്നു. അതിൽ നിന്നും പൂർണ്ണമായും വിടുതൽ നേടുവാൻ മാളയ്ക്കു കഴിഞ്ഞില്ല. ലഭിക്കാത്തതിനെക്കുറിച്ച് ഓർത്ത് ദുഃഖിക്കാൻ മാള തയ്യാറായിരുന്നില്ല. കിട്ടിയതെല്ലാം മാറോടു ചേർത്തുവച്ച് പകർന്നു നൽകി.

പകർന്നാട്ടം എന്നു പറയാവുന്ന തലത്തിലുള്ള കഥാപാത്രങ്ങളും മാളയെ തേടിയെത്തി. മാളയുടെ അഭിനയമികവിനെ കണ്ടറിഞ്ഞത് ലോഹിതദാസായിരുന്നു. സല്ലാപം, കന്മദം, ഭൂതക്കണ്ണാടി തുടങ്ങിയ ചിത്രങ്ങളിൽ മറ്റൊരു മാളയെയാണ് പ്രേക്ഷകർ കാണുന്നത്. കഥാപാത്രങ്ങളെ ചുറ്റുപാടുകളിൽ നിന്നും കണ്ടെത്തുന്നതിൽ മാളയ്ക്ക് അസാധാരണമായ കഴിവുണ്ടായിരുന്നു. നാട്ടിലുണ്ടായിരുന്ന ചിലരൊക്കെ മാളയിലൂടെ പുനഃസൃഷ്ടിക്കപ്പെട്ടു. അന്ധനായ ചേതൻ എന്ന യുവാവ് ഭൂതക്കണ്ണാടിയിലെ അന്ധനായ കഥാപാത്രത്തിനു വഴിയൊരുക്കി. 'സല്ലാപ'ത്തിന്റെ സെറ്റിൽ വെച്ചാണ് ഈ കഥാപാത്ര

*തുള്ളൽക്കവിത* **ജെ.ഉണ്ണിക്കൃഷ്ണക്കുറുപ്പ്**



## പട്ടിസ്ഥാൻ

**നാ**ട്ടിൽ പട്ടി പെരുത്തതുമൂലം
വീട്ടിനു വെളിയിലിറങ്ങാൻ പേടി
മുട്ടിനു ശേഷിക്കുറവാം വൃദ്ധരു
പട്ടികൾ തന്നുടെ കടിയേക്കുന്നു.
കുട്ടികൾതൻ സ്ഥിതിയതിലും കഷ്ടം
പട്ടികടിച്ചുപറിച്ചീടുന്നു
തൊട്ടിലിലാടിയുറങ്ങിയ കുട്ടീം
പട്ടികടിച്ചുമരിയ്ക്കുന്നയ്യോ?

വീട്ടിനു ചുറ്റും സ്ഥലമുള്ളോരും
ഫ്ളാറ്റിന്നുള്ളിൽ വസിക്കുന്നോരും
ഭക്ഷണമെച്ചിലുമറുമാലിന്യം
റോഡിൽതള്ളുക പതിവാണിപ്പോൾ
ഭക്ഷണരീതിയുമൊട്ടതുമാറി
മട്ടൺ ചിക്കനതെന്നിവയേറി
പല്ലിനു മുറിയാത്തെല്ലിൻകഷണം
അല്ലാതുള്ളതുമെല്ലാമിപ്പോൾ
വല്ല്യൊരു പ്ലാസ്റ്റിക് സഞ്ചിയിലാക്കി
റോഡിൽ തള്ളുകയാണിന്നേറം.
തെരുവിൽ വളരും നായക്കൂട്ടം
രുചികരമായവ തിന്നീടുന്നു
എല്ലിൻ കഷണം കിട്ടാതായാൽ
വല്ലാതാകും പട്ടിയ്ക്കിപ്പോൾ
പല്ലുതരിപ്പതുമാറ്റാൻ പട്ടി
പുല്ലുകടിയ്ക്കുകയല്ലാചെയ്ക
പിന്നൊരുമാർഗ്ഗം തന്നെക്കാളും
ശേഷികുറഞ്ഞോർക്കെതിരെതന്നെ

ആടുംമാടും താറാവിവയെ
ഓടിനടന്നു കടിക്കുകയായി.
ശത്രുത തീർക്കാനൊന്നുമതല്ല
എല്ലുകടിക്കാൻ രുചിയതുകൊണ്ടാം
കുട്ടികൾവൃദ്ധരുമെന്നിവരേയും
പട്ടികടിച്ചുപറിക്കുന്നിപ്പോൾ.
തെരുവിൽ, മുക്കിൻമൂലയിലെവിടേം
തെരുതെരെ പട്ടിക്കൂട്ടം തന്നെ.
പട്ടിപിടുത്തം പണ്ടേപ്പോലെ
ഒട്ടുമതിന്നുനടത്തുന്നില്ല
എന്നതുതന്നൊരു കാരണമിന്നീ
പട്ടികളെണ്ണം നാട്ടിൽ പെരുകാൻ
തെളിവുമണക്കാനെത്തിയ പോലീസ്
നായേം പട്ടികടിച്ചൊന്നിയ്യടെ
കൃത്യം നിർവ്വഹണത്തിനു തടസം
പട്ടിയതെങ്കിൽ കേസ്സാരുടെമേൽ
കെട്ടിൻ മൂട്ടിൽ കഴിയാപട്ടികൾ
കാട്ടുന്നിത്തരയക്രമണങ്ങൾ
പണ്ടൊരു ചൊല്ലതു പേപ്പട്ടികളെ
തല്ലിക്കൊന്നീടുന്നതുപോലെ

ഇന്നൊരു നായെതല്ലിപ്പോയാൽ
പിന്നെപ്പോക്കതുജയിലിൽതന്നെ.
മന്ത്രിണിയേതോയിങ്ങനെ നിയമം
തന്ത്രത്തോടെമെനഞ്ഞൂപോലും
മന്ത്രിപ്രവരരുകാറിൽനിന്നും
നിലമേകാലതു കുത്തുന്നേരം
ചുറ്റും തോക്കുകളേന്തിയ രക്ഷകർ
പറ്റമതായിട്ടുണ്ടാമവിടെ
ഗ്രാമം പട്ടണമേതായാലും
പട്ടിപ്പേടിയവർക്കൊട്ടില്ല.
പക്ഷിപ്പനിയതുവന്നപ്പോളീ-
വിടൊത്തിരിപറവേം ചുട്ടുകരിച്ചു
പന്നിക്കും പനിയെത്തിയനാളിൽ
കൊന്നില്ലേയിവിടൊത്തിരിയതിനേം.
പേ നായോടിയടുത്തീടുമ്പോൾ
പോ നായെന്നു പറഞ്ഞാമതിയോ?
നായകടിച്ചൊരുമനുജൻ ചത്താൽ
വായുംമൂടി സഹിച്ചീടേണോ?
പട്ടിയ്ക്കുള്ളൊരുവിലയതുപോലും
വോട്ടർക്കൊട്ടുമതില്ലാക്കാലം.

## യന്ത്രവേലക്കാരി

**ബാബു ആലപ്പുഴ**

‘വീട്ടിലും ഓഫീസിലും മറ്റും മികച്ച സഹായിയാവാൻ കഴിയുന്ന യന്ത്രമനുഷ്യനെ ശാസ്ത്രജ്ഞന്മാർ നിർമ്മിച്ചിരിക്കുന്നു.’ പത്രത്തിലെ ശാസ്ത്രവാർത്തയുടെ ചൂടാറും മുമ്പ് അവർ ആ ‘റോബോട്ടി’യെ വിലയ്ക്കു വാങ്ങി വീട്ടിലെത്തിച്ചു.

നല്ല അടക്കവും ഒതുക്കവുമുള്ള ആ യന്ത്ര പെൺകുട്ടിയ്ക്ക് നന്ദിനിക്കുട്ടി എന്നു പേരിട്ടു. കഞ്ഞീം കറീം മുതൽ ചില്ലിചിക്കനും ഫ്രൈഡ് റൈസും വരെ രുചികരമായി അവൾ ഞൊടിയിടയിൽ തയ്യാറാക്കുന്നു. മുറ്റമടീം തുണിയലക്കും നിമിഷം കൊണ്ടവൾ ചെയ്തുതീർക്കുന്നു.

ശോശാമ്മയും തോമസ്സുകുട്ടിയും കുട്ടികളും ഓഫീസിലും സ്കൂളിലും പോയിക്കഴിഞ്ഞാൽ നന്ദിനിക്കുട്ടി വീട്ടിൽ തനിച്ചാകും. ടീവിക്കുമുന്നിലിരുന്നും വാരികകൾ വായിച്ചും അവൾ സമയം കളയും.

മാസങ്ങൾ യാന്ത്രികമായി പറന്നുപോയി.

ഒരു ദിവസം അടുക്കളയിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ നന്ദിനിക്കുട്ടി തലകറങ്ങി താഴെ. അവളെ പൊക്കിയെടുത്ത് ഡോക്ടർക്കു മുന്നിലെത്തിച്ചു.

‘പേടിക്കാനൊന്നുമില്ല. ഈ കുട്ടി ഗർഭിണിയാ...’

ഡോക്ടറുടെ വാക്കുകൾ കേട്ട് ശോശാമ്മ ഭർത്താവിനുനേരെ കണ്ണുരുട്ടി.

വീട്ടിലെത്തിയ ശോശാമ്മ നന്ദിനിക്കുട്ടിയുടെ നേരെ തട്ടിക്കയറുകയാണ്. ‘സത്യം പറഞ്ഞോണം. ആരാടീ നിന്റെ ഗർഭത്തിനുത്തരവാദി? എന്റെ കെട്ടിയോനാണോടീ ...?’

‘അല്ല..’

‘പിന്നേ?’

‘അങ്ങേവീട്ടിലെ .. യന്ത്രവേലക്കാരൻ ചേട്ടനാ...’




ത്തിനെക്കുറിച്ച് മാള സംവിധായകനോടു പറയുന്നത്. ഭൂതക്കണ്ണാടിയിൽ ആ കഥാപാത്രത്തെ മാള പകർന്നുനൽകി അനശ്വരത കൈവരിച്ചു.

‘കിന്നാരം’, ‘അനുഭൂതി’ എന്നീ ചിത്രങ്ങളിൽ മാള തബലിസ്റ്റായി. സ്വന്തം വാദനമായിരുന്നു സിനിമയിലുപയോഗിച്ചത്. കൈതഴക്കമുള്ള ഒരു തബലിസ്റ്റിനെ അതിൽ കണ്ടു. ഒരു തബലിസ്റ്റായി മാറണമെന്ന സ്വപ്നം അതിലൂടെ പൂർണ്ണമാക്കുകയായിരുന്നു. നാടകസമിതിയോടൊപ്പം ഉത്തരേന്ത്യയിൽ പോയപ്പോഴാണ് തബലയുമായി ബന്ധപ്പെട്ട വിവിധ ശൈലികളെ കുറിച്ച് അറിയുന്നത്. തബലവാദനത്തിലൂടെ പാറപൊടിയുന്ന ഐതിഹ്യകഥകളുമായിട്ടാണ് മാള നാട്ടിലെത്തുന്നത്. കബീർ ബക്ഷ്, അല്ലാരഖ തുടങ്ങിയവരുടെ കാസറ്റുകൾ വാങ്ങി സ്വകാര്യമായി സൂക്ഷിച്ചിരുന്നു. ഒറ്റപ്പെടലിന്റെ വിരസത ഒഴിവാക്കുവാൻ ഈ കാസറ്റുകൾ പിന്നീട് മാളയെ ഏറെ സഹായിച്ചു.

പ്രസന്നഭാവം എപ്പോഴും നിലനിർത്തുവാൻ ശ്രമിച്ചിരുന്നു. വാക്കു കൊണ്ടും നോക്കു കൊണ്ടും മാള മറ്റുള്ളവരെ സന്തോഷിപ്പിച്ചു. ജീവിതസായാഹ്നത്തിന്റെ ദുഃഖച്ഛായയിൽ കഴിയുമ്പോഴും അതൊന്നും പ്രകടമാക്കിയിരുന്നില്ല. നർമ്മം ജന്മസിദ്ധമായ സഹോദരൻ രാമനാഥൻ അകാലത്തിൽ കടന്നുപോയത് മാളയുടെ തീരാദുഃഖമായിരുന്നു. ഹൃദ്രോഗിയായ സഹോദരനു മറ്റു ജോലി ചെയ്യുവാൻ കഴിയില്ലായെന്നു മനസ്സിലാക്കിയ മാള ജീവിക്കാനാവശ്യമായ ഒരു കട ഇട്ടു കൊടുക്കുകയായിരുന്നു. തന്നേക്കാൾ പതിന്മടങ്ങ് ഹാസ്യം സ്വതസിദ്ധമായി അവതരിപ്പിക്കാൻ കഴിഞ്ഞ അനുജൻ നാടകത്തിലോ സിനിമയിലോ കടന്നുവന്നില്ലായെങ്കിലും ആ നർമ്മവും സംസാരവും ചിലപ്പോഴൊക്കെ മാള സഹോദരിൽനിന്നും കടംകൊണ്ടിരുന്നു.

പ്രയാസങ്ങളുള്ള മനസ്സിൽ നിന്നുമാത്രമെ ഹാസം വരികയുള്ളുവെന്ന യാഥാർത്ഥ്യത്തെ മറ്റു ജീവിതസാഹചര്യങ്ങളിൽനിന്നും മാള മനസ്സിലാക്കിയിരുന്നു.

പന്ത്രണ്ടുവർഷത്തെ നാടകജീവിതത്തിൽനിന്നും ഏഴ് അവാർഡുകൾ മാള അരവിന്ദനെ തേടിയെത്തിയെങ്കിൽ നാലരപതിറ്റാണ്ടുകാലത്തെ സിനിമയിൽ നിന്നും താരമൂല്യമുള്ള ഒരവാർഡും മാളയെ തേടിയെത്തിയില്ല. 2013ൽ കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷന്റെ ‘ചലച്ചിത്ര പ്രതിഭാ പുരസ്കാരം’ മാത്രമാണ് അദ്ദേഹത്തിനു സിനിമാലോകം നൽകിയത്.

എന്നാൽ മറ്റൊരു നടനും ലഭിക്കാത്ത മറ്റൊരു സൗഭാഗ്യം മാളയെ തേടിയെത്തി. 2012ൽ മാളദേശം ‘അരവിന്ദോത്സവം’ നടത്തി. എം.എൽ.എ ടി.എൻ.പ്രതാപൻ എന്ന ഒറ്റയാൾ പട്ടാളത്തിന്റെ സാഹസമായിരുന്നു അത്. ഏഴായിരത്തോളം പേരാണ് പ്രധാന ചടങ്ങിൽ പങ്കെടുത്തത്. മമ്മൂട്ടിയാണ് സമ്മേളനത്തിൽ മുഖ്യതിഥിയായത്. ഒരു ദേശം ഒരു കലാകാരന്റെ പേരിൽ അറിയപ്പെടുന്ന അപൂർവ്വതയുടെ സാക്ഷ്യമായിട്ടാണ് മമ്മൂട്ടി ഈ സമ്മേളനത്തെ കണ്ടത്.

സംഗീതവുമായി രണ്ടാമത് ജനിച്ച ക്രിസ്തുവാണ് ‘യേശുദാസ്’ എന്നു പറയുന്ന മാളയുടെ ഇഷ്ടപ്പെട്ട ഗായക സുഹൃത്ത് ജയചന്ദ്രനായിരുന്നു. സംഗീതസംവിധായകരിൽ ജോൺസണും; മകളുടെ സ്ഥാനം കല്പിച്ച നൽകിയ ഉർവ്വശിയും; നാടക കാലത്തിലെ ടി.ജി.രവിയും, സിനിമയിലെ മുരളിയും മാളയുടെ മനസ്സിൽ പ്രത്യേകം ഇടം നേടിയവരായിരുന്നു. യഥാതഥമായി അഭിനയിക്കാൻ കഴിഞ്ഞിട്ടുള്ള മലയാളത്തിലെ ഏക നടൻ ശങ്കരാടിയാണെന്നാണ് മാളയുടെ അഭിപ്രായം.

മക്കളായ മധു അരവിന്ദൻ, കലാ അരവിന്ദൻ എന്നിവർക്ക് അച്ഛൻ ഗൗരവക്കാരനായിരുന്നു.

ഒടുവിൽ റിലീസ് ചെയ്ത ചിത്രം ‘ലാൽ ബഹദൂർ ശാസ്ത്രി’(2014). നെല്ലിക്ക, കബനി എന്നീ ചിത്രങ്ങളിൽ അഭിനയിച്ചുവെങ്കിലും അത് വെളിച്ചം കണ്ടി ല്ല. നൂറ്റിപ്പത്ത് വയസ്സുള്ള ഒരു ആദിവാസി പടുവൃദ്ധന്റെ വേഷമാണ് കബനിയിൽ. പല്ലില്ലാതെ ഭാവവ്യത്യാസത്തോടെ അഭിനയിക്കുന്ന ആ കഥാപാത്രം തന്റെ സിനിമാ ജീവിതത്തിൽ വ്യത്യസ്ത പുലർത്തുന്ന കഥാപാത്രമായിരിക്കുമെന്ന് മാള വിശ്വസിച്ചു.

താൻ പഠിച്ച സ്കൂളിൽ വെച്ചു നടന്ന യുവജനോത്സവത്തിൽ അതിഥിയായി പങ്കെടുക്കവേ മാള തന്റെ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. താൻ മരിക്കുമ്പോൾ, തന്നെ ഈ നിലയിലാക്കുവാൻ സഹായിച്ച സ്കൂളിൽ, താൻ ഇരുന്നു പഠിച്ച ക്ലാസിൽ ഒരു സെക്കന്റെങ്കിലും തന്റെ ശരീരം വയ്ക്കണമെന്ന്. കുറച്ചു മാസങ്ങൾക്കുശേഷം ഹൃദ് രോഗബാധിതനായതിനെ തുടർന്ന് 2015 **ജനുവരി 19**ന് മാള അന്തരിക്കുമ്പോൾ ദേശം ആ ആഗ്രഹം സഫലമാക്കി.

ജീവിതത്തിന്റെ അനുഭവതലത്തെ പ്രസാദാത്മകമാക്കുവാനും പകച്ചുനിന്ന നിമിഷങ്ങളിൽ പ്രത്യാശയുടെ ഭാവതലം സൃഷ്ടിക്കുവാനും കഴിയുന്ന തരത്തിലുള്ള കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയ നടനായിരുന്നു മാള അരവിന്ദൻ.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.